# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## www.ksad.kerala.gov.in

## കടമ്പൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2020-2021

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം**

**കണ്ണൂർ**

**670001**

**ഇ-മെയിൽ: doknr.ksad@kerala.gov.in**

**ഫോൺ : 0497-2707698**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ./കെ.എൻ.ആർ./സി.6/1225/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 07/12/2021
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കടമ്പൂർ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : കടമ്പൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കടമ്പൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ./കെ.എൻ.ആർ./സി.6/1225/21 തീയ്യതി: 07/12/2021

## കണ്ണൂർ ജില്ലയിലെ കടമ്പൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ കടമ്പൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 15-11-2019 മുതൽ 03-10-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2020 മുതൽ 31-03-2021 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 28 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. സാബു പി.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 04-10-2021 | 23-10-2021 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 04-10-2021 | 23-10-2021 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ.പ്രദീപ് കുമാർ.എം,ഓഡിറ്റ് ഓഫീസർ
ശ്രീമതി.റീന പിട്ടൻ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി.നിഷ.കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.ധന്യ.എം,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ഗിരീശൻ കെ കെ | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| ശ്രീമതി. പ്രേമവല്ലി പി വി | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ.പ്രദീപൻ എൻ. | സെക്രട്ടറി | 01-04-2020 | 25-02-2021 |
| ശ്രീ. അനിൽകുമാർ പി | സെക്രട്ടറി | 26-02-2021 | 09-03-2021 |
| ശ്രീമതി. അനില കെ, അസി.സെക്രട്ടറി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 10-03-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. മനോജ് സി ടി | അസി. സെക്രട്ടറി | 01-04-2020 | 18-06-2020 |
| ശ്രീമതി. അനില കെ | അസി. സെക്രട്ടറി | 19-06-2020 | 31-03-2021 |
| ശ്രീ. ജയരാജ് പി | അസി.എഞ്ചിനീയർ | 01-04-2020 | 21-05-2020 |
| ശ്രീമതി. ദിവ്യ രാജൻ എം ഡി | അസി.എഞ്ചിനീയർ | 22-05-2020 | 31-03-2021 |
| ശ്രീമതി. പി. രാജശ്രീ | കൃഷി ഓഫീസർ | 01-04-2020 | 02-09-2020 |
| ശ്രീമതി. രമ.കെ.ടി | കൃഷി ഓഫീസർ | 03-09-2020 | 12-10-2020 |
| ശ്രീമതി. അശ്വതി എസ് | കൃഷി ഓഫീസർ | 13-10-2020 | 31-03-2021 |
| ശ്രീ. രനിൽ പി പി | വി.ഇ.ഒ (കടമ്പൂർ) | 01-04-2020 | 31-03-2021 |
| ശ്രീമതി. പ്രജീന ആർ | വി.ഇ.ഒ (കാടാച്ചിറ) | 01-04-2020 | 07-08-2020 |
| ശ്രീ. രനിൽ പി പി | വി.ഇ.ഒ (കാടാച്ചിറ) | 08-08-2020 | 15-09-2020 |
| ശ്രീമതി. ജലജ സി പി | വി.ഇ.ഒ (കാടാച്ചിറ) | 16-09-2020 | 31-03-2021 |
| ഡോ.കിരൺ വിശ്വനാഥൻ. | വെറ്ററിനറി സർജൻ | 01-04-2020 | 27-10-2020 |
| ഡോ. ദീപ കിരൺ | വെറ്ററിനറി സർജൻ | 28-10-2020 | 31-03-2021 |
| ശ്രീമതി. പ്രീതി പി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി. ബിന്ദുറാണി | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2020 | 31-12-2020 |

| | | | |
|---|---|---|---|
| ശ്രീമതി. ജമീല കെ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-01-2021 | 31-03-2021 |
| ശ്രീ. രജീഷ് ടി കെ | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2020 | 01-11-2020 |
| ശ്രീ. രാജേഷ് ടി ആർ | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 02-11-2020 | 31-03-2021 |
| ഡോ.അരുൾജിത്ത് | മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി.) | 01-04-2020 | 13-06-2020 |
| ഡോ.ഷമീം | മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി.) | 14-06-2020 | 26-02-2021 |
| ഡോ.മനു മോഹൻ | മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി.) | 27-02-2021 | 31-03-2021 |

12.11.2020 മുതൽ 29.12.2020 വരെ ശ്രീ.പ്രദീപൻ എൻ., സെക്രട്ടറി, ശ്രീമതി അശ്വതി എസ്., കൃഷി ഓഫീസർ, ശ്രീമതി ദിവ്യരാജൻ എം.ഡി., അസി. എഞ്ചിനീയർ എന്നിവരടങ്ങിയ ഭരണ നിർവ്വഹണ സമിതിയാണ് നിലവിലുണ്ടായിരുന്നത്

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Pradeep Kumar M (Audit Officer, On 25-10-2021)<br>Last Updated By: Pradeep Kumar M (Audit Officer, On 27-10-2021) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Pradeep Kumar M (Audit Officer, On 25-10-2021)<br>Last Updated By: Pradeep Kumar M (Audit Officer, On 27-10-2021) | 1-2 |
| 3 | ധനകാര്യപത്രിക പരിശോധന – അപാകങ്ങൾ<br>Written By: Reena Pittan (Asst. Audit Officer, On 24-10-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 07-12-2021) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: Pradeep Kumar M (Audit Officer, On 25-10-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 03-12-2021) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: Reena Pittan (Asst. Audit Officer, On 24-10-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-12-2021) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Pradeep Kumar M (Audit Officer, On 25-10-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 03-12-2021) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Reena Pittan (Asst. Audit Officer, On 24-10-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-12-2021) | 1-6 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: Pradeep Kumar M (Audit Officer, On 25-10-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-12-2021) | 1-7 |
| 9 | ക്യാഷ് പരിശോധന<br>Written By: Pradeep Kumar M (Audit Officer, On 25-10-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 03-12-2021) | 1-8 |
| 10 | ആഭ്യന്തരനിയന്ത്രണം<br>Written By: Pradeep Kumar M (Audit Officer, On 25-10-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 03-12-2021) | 1-9 |
| 11 | ദുരിതാശ്വാസ നിധിയുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്.<br>Written By: Pradeep Kumar M (Audit Officer, On 26-10-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 03-12-2021) | 1-10 |
| 12 | തൊഴിൽ നികുതി രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ കൃത്യമല്ല<br>Written By: Dhanya M (Auditor, On 24-10-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 07-12-2021) | 1-11 |
| 13 | ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല<br>Written By: Dhanya M (Auditor, On 24-10-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-12-2021) | 1-12 |
| 14 | വളർത്തുനായ്ക്കൾക്കുള്ള ലൈസൻസ് അപാകങ്ങൾ<br>Written By: Dhanya M (Auditor, On 24-10-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 03-12-2021) | 1-13 |
| 15 | ഗ്യാസ് ക്രിമിറ്റോറിയം നടത്തിപ്പിനുള്ള നിയമാവലിക്ക് അംഗീകാരം ലഭ്യമായിട്ടില്ല<br>Written By: Dhanya M (Auditor, On 24-10-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 07-12-2021) | 1-14 |
| 16 | ഇ-ടെണ്ടർ ഫീ , പഞ്ചായത്ത് ഫണ്ടിലേക്ക് ഒടുക്ക് വരുത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.<br>Written By: Reena Pittan (Asst. Audit Officer, On 25-10-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 07-12-2021) | 1-15 |

| | | |
|---|---|---|
| 17 | പെൻഷൻ ഗുണഭോക്താവ് മരണപ്പെട്ടിട്ടും പെൻഷൻ ഡ്ഡാറ്റാബേസിൽ നിന്നും ഒഴിവാക്കിയിട്ടില്ല<br>Written By: Nisha K (Senior Grade Auditor, On 24-10-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-12-2021) | 1-16 |
| 18 | തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ് - പരിശോധനാ വിധേയമാക്കേണ്ടതാണ്<br>Written By: Pradeep Kumar M (Audit Officer, On 26-10-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-12-2021) | 1-17 |
| 19 | പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ കെ.ഡബ്ള്യു.എ യുടെ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ - രേഖകൾ ലഭ്യമാക്കിയിട്ടില്ല - 799933 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Pradeep Kumar M (Audit Officer, On 26-10-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-12-2021) | 1-18 |
| 20 | ഐ.കെ.എമ്മിന് ഗ്രാമ പഞ്ചായത്ത് വിഹിതം നല്കൽ- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.<br>Written By: Pradeep Kumar M (Audit Officer, On 26-10-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-12-2021) | 1-19 |
| 21 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് - പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ<br>Written By: Nisha K (Senior Grade Auditor, On 24-10-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-12-2021) | 1-20 |
| 22 | വീട്ടുവളപ്പിൽ മത്സ്യകൃഷി - സർക്കാർ ഉത്തരവിലെ നിർദ്ദേശം പാലിച്ചുകൊണ്ട് പദ്ധതിനടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.<br>Written By: Reena Pittan (Asst. Audit Officer, On 25-10-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 07-12-2021) | 1-21 |
| 23 | ആട് വളർത്തൽ മിനി ഫാം -പദ്ധതി പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്<br>Written By: Reena Pittan (Asst. Audit Officer, On 25-10-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-12-2021) | 1-22 |
| 24 | കന്നു കുട്ടികളെ ദത്തെടുക്കൽ- കാലിത്തീറ്റ വിതരണം ആരംഭിച്ചില്ല.<br>Written By: Reena Pittan (Asst. Audit Officer, On 25-10-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-12-2021) | 1-23 |
| 25 | വീടുകളിൽ റിംഗ് കമ്പോസ്റ്റ് - പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ<br>Written By: Nisha K (Senior Grade Auditor, On 24-10-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 07-12-2021) | 1-24 |
| 26 | വീടുകളിൽ റിംഗ് കമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിക്കൽ - ടി.ഡി.എസ്. കുറവ് ചെയ്തിട്ടില്ല<br>Written By: Nisha K (Senior Grade Auditor, On 24-10-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 07-12-2021) | 1-25 |
| 27 | ഹോമിയോ ഡിസ്പൻസറിക്ക് മരുന്നു വാങ്ങൽ - മരുന്ന് പൂർണമായും ലഭ്യമായിട്ടില്ല.<br>Written By: Pradeep Kumar M (Audit Officer, On 26-10-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-12-2021) | 1-26 |
| 28 | അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ-പൊതു അപാകങ്ങൾ<br>Written By: Reena Pittan (Asst. Audit Officer, On 25-10-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 07-12-2021) | 1-27 |
| 29 | | 1-28 |

| | | |
|---|---|---|
| | പൊതു ശ്മശാന (ഗ്യാസ്) കെട്ടിട നിർമ്മാണം- പ്രവൃത്തി ദീർഘിപ്പിച്ച് നൽകിയത് -രേഖകൾ ഹാജരാക്കേണ്ടതാണ്.<br>Written By: Reena Pittan (Asst. Audit Officer, On 25-10-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 07-12-2021) | |
| 30 | പ്രവൃത്തി പൂർത്തീകരണത്തിൽ കാലതാമസം- പിഴ ഈടാക്കേണ്ടതാണ്.<br>Written By: Reena Pittan (Asst. Audit Officer, On 25-10-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 07-12-2021) | 1-29 |
| 31 | ബോട്ടിൽ ബൂത്ത് സ്ഥാപിക്കൽ - രേഖകൾ ഹാജരാക്കിയില്ല. ₹184746 തടസ്സപ്പെടുത്തുന്നു.<br>Written By: Reena Pittan (Asst. Audit Officer, On 25-10-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 07-12-2021) | 1-30 |
| 32 | ഒഴിഞ്ഞ ടാർ ബാരലിന്റെ വില അതാത് അക്കൗണ്ടിൽ ഒടുക്കുവരുത്തേണ്ടതാണ്.<br>Written By: Reena Pittan (Asst. Audit Officer, On 25-10-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 07-12-2021) | 1-31 |
| 33 | GST കോമ്പൻസേഷൻ -സെൽഫ് ഡിക്ലറേഷൻ ഫോറം ഉൾപ്പെടുത്തേണ്ടതാണ്<br>Written By: Reena Pittan (Asst. Audit Officer, On 25-10-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 07-12-2021) | 1-32 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Pradeep Kumar M (Audit Officer, On 27-10-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 07-12-2021) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Pradeep Kumar M (Audit Officer, On 26-10-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-12-2021) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Pradeep Kumar M (Audit Officer, On 26-10-2021)<br>Last Updated By: Pradeep Kumar M (Audit Officer, On 26-10-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Pradeep Kumar M (Audit Officer, On 27-10-2021)<br>Last Updated By: Pradeep Kumar M (Audit Officer, On 27-10-2021) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Pradeep Kumar M (Audit Officer, On 27-10-2021)<br>Last Updated By: Pradeep Kumar M (Audit Officer, On 27-10-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Pradeep Kumar M (Audit Officer, On 27-10-2021)<br>Last Updated By: Pradeep Kumar M (Audit Officer, On 27-10-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Pradeep Kumar M (Audit Officer, On 27-10-2021)<br>Last Updated By: Pradeep Kumar M (Audit Officer, On 27-10-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Pradeep Kumar M (Audit Officer, On 27-10-2021)<br>Last Updated By: Pradeep Kumar M (Audit Officer, On 27-10-2021) | 4-8 |
| 9 | ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Pradeep Kumar M (Audit Officer, On 27-10-2021)<br>Last Updated By: Pradeep Kumar M (Audit Officer, On 27-10-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |

| | | |
|---|---|---|
| | Written By: Pradeep Kumar M (Audit Officer, On 27-10-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-12-2021) | |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Pradeep Kumar M (Audit Officer, On 27-10-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 07-12-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | ധനകാര്യപത്രികകൾ | |

# ഭാഗം -1

## 1-1 ബജറ്റ്

കടമ്പൂർ ഗ്രാമപഞ്ചായത്തിന്റെ 2020-21 സാമ്പത്തിക വർഷത്തെ ബജറ്റ് 16-03-2020 തീയതിയിലെ 104/20(1) തീരുമാനപ്രകാരവും പുതുക്കിയ ബജറ്റ് 20-02-2021 ലെ 84/2021(1) നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

| | ബജറ്റ് പ്രകാരം | പുതുക്കിയ ബജറ്റ് പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 3991956 | 3328242 |
| വരവ് | 100047244 | 122026100 |
| ആകെ | 104039200 | 125354342 |
| ചെലവ് | 103089200 | 122965342 |
| നീക്കിയിരിപ്പ് | 950000 | 2389000 |

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2021 | 06-08-2021 | തിരിച്ചയച്ചിട്ടില്ല | -- |

## 1-2-1 ധനകാര്യപത്രിക പരിശോധന – അപാകങ്ങൾ

1) പഞ്ചായത്ത് ഉടമസ്ഥതയിലുള്ള ഭൂമിയുടെ മൂല്യം (Land) വാർഷിക ധനകാര്യപത്രികയിൽ ആസ്തിയായി രേഖപ്പെടുത്തിയിട്ടില്ല.

2) B-18 പ്രകാരം Advance To Others എന്ന ഇനത്തിൽ നീക്കിയിരിപ്പുള്ള 25,205 രൂപ ഏപ്രിൽ 2014 ന് പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ തെറ്റായി പെയ്മെന്റ് ചെയ്ത തുക അഡ്വാൻസ് ഹെഡിലേക്ക് മാറ്റിയതാണ്. ആയത് ക്രമീകരിക്കേണ്ടതാണ്.

3) B-3 Capital Contribution ഇനത്തിൽ തൻവർഷം അസറ്റ് നിർമ്മാണത്തിനായി ചെലവഴിച്ച തുക ഉൾപ്പെടുത്തി കാലികമാക്കിയിട്ടില്ല.

4) തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട ഡി സി ബി രജിസ്റ്റർ വർഷാന്ത്യ സംഗ്രഹം എഴുതി സാക്ഷ്യപ്പെടുത്തി ഹാജരാക്കിയിട്ടില്ല.

5) B4 ഷെഡ്യൂൾ പ്രകാരവും ACR പ്രകാരവും ജില്ലാപഞ്ചായത്ത് വിഹിതമായി 17,00,000 രൂപയും ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി 1108015 രൂപയും നീക്കിയിരിപ്പുണ്ട്. B17 പ്രകാരം ജോയിന്റ് വെഞ്ചർ അക്കൗണ്ടിൽ 10,00,000/- രൂപയാണ് നീക്കിയിരിപ്പുള്ളത്. നീക്കിയിരിപ്പുള്ള തുകയിൽനിന്ന് ജോയിന്റ് വെഞ്ചർ അക്കൗണ്ടിൽ 1808015 രൂപ തൻവർഷം ട്രഷറി പിൻവലിക്കുകയും അടുത്ത സാമ്പത്തിക വർഷം തിരികെ ലഭിച്ചിട്ടുള്ളതുമാണ്. ആയതിനാൽ സംയുക്ത പ്രൊജക്ടുമായി ബന്ധപ്പെട്ട് B4 ഷെഡ്യൂൾ പ്രകാരവും B17 ഷെഡ്യൂൾ പ്രകാരവും നീക്കിയിരിപ്പുള്ള തുകകൾ പൊരുത്തപ്പെടുന്നില്ല.

6) സ്ഥാപനത്തിന്റെ എല്ലാ ബാധ്യതകളും ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. ഉദാ: കരാറുകാർ സമർപ്പിച്ച അംഗീകരിച്ച ബില്ലുകൾ പ്രകാരമുള്ള തുക നൽകാൻ ബാക്കിയുള്ളവ (ക്യൂ ബില്ലുകൾ പ്രകാരമുള്ള തുകകൾ)

7) അസറ്റ് രജിസ്റ്റർ, തൻവർഷം (ആർ പി 38 പ്രകാരം) സൃഷ്ടിക്കപ്പെട്ട ആസ്തികൾ ഉൾപ്പെടുത്തി കാലികമാക്കിയിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 8571928 |
| വരവ് | 42352518 |
| ആകെ | 50924446 |
| ചെലവ് | 44290398 |
| | |

| | |
|---|---|
| നീക്കിയിരിപ്പ് | 6634048 |
| വരവിനങ്ങളിലെ നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലെ നഷ്ടം | ഇല്ല |
| തടസ്സപ്പെടുത്തിയ തുക | 984679 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ആകെ ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | ചെലവ് % |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | | 7423000 | 7423000 | 7422190 | 810 | 99.98 |
| വികസന ഫണ്ട്-എസ്.സി.പി | | 699000 | 699000 | 690437 | 8563 | 98.77 |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 129000 | 129000 | 15000 | 114000 | 11.63 |
| മെയിന്റനൻസ്, റോഡ് | 0 | 6317000 | 6317000 | 6160302 | 156698 | 97.52 |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 3492000 | 3492000 | 1348283 | 2143717 | 38.61 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 7476622 | 7476622 | 5065393 | 2411229 | 67.75 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | | 3250000 | 3250000 | 1141173 | 2108827 | 35.11 |
| ഐസിഡിഎസ്-കേന്ദ്രവിഹിതം | 84459 | 705988 | 790447 | 577787 | 212660 | |
| ശുചിത്വ മിഷൻ ഗ്രാന്റ് | 147000 | 1814602 | 1961602 | 766278 | 1195324 | |
| സാക്ഷരത | 14292 | 715 | 15007 | 0 | 15007 | |
| എം പി ഫണ്ട് | 22634 | 0 | 22634 | 22634 | 0 | |
| വിമുക്തി | 37000 | 0 | 37000 | 0 | 37000 | |
| അങ്കണവാടി നവീകരണം | 12000 | 36000 | 48000 | 0 | 48000 | |
| അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 3225 | 267817 | 271042 | 266450 | 4592 | |
| തൊഴിലാളികളുടെ കൂലി | | 12807781 | 12807781 | 12807781 | - | - |

2020-21 വർഷത്തെ ഗ്രാന്റ് പത്രിക ഹാജരാക്കിയിട്ടില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|

| (എണ്ണം) | | | | (എണ്ണം) | | |
|---|---|---|---|---|---|---|
| 152 | 52166527 | 118 | 30290570 | 20 | 34 | 64 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പദ്ധതികളുടെ വിവരങ്ങൾ

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആകെ പദ്ധതികളുടെ എണ്ണം | നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | പദ്ധതി അടങ്കൽ | പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 15 | 15 | 2308540 | 1830094 | 79 |
| വെറ്ററിനറി സർജ്ജൻ | 8 | 8 | 1059312 | 640945 | 61 |
| മെഡിക്കൽ ഓഫീസർ,എഫ്. എച്ച് സി | 9 | 8 | 2395444 | 1834926 | 77 |
| ഫഷറീസ് സബ്ഇൻസ്പക്ടർ | 1 | 1 | 492000 | 327135 | 66 |
| വി ഇ ഒ | 6 | 4 | 3450000 | 1538811 | 45 |
| ഐസിഡിഎസ് സൂപ്പർവൈസർ | 6 | 4 | 3707885 | 3258706 | 88 |
| ഡയറി ഫാം ഇൻസ്പക്ടർ | 1 | 1 | 210000 | 140000 | 67 |
| സെക്രട്ടറി | 21 | 19 | 6050922 | 3860472 | 64 |
| വി ഇ ഒ | 14 | 12 | 5403254 | 3058994 | 57 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 61 | 39 | 26077977 | 13358311 | 51 |
| അസിസ്റ്റന്റ് സെക്രട്ടറി | 10 | 7 | 1011193 | 442176 | 44 |
| | 152 | 118 | 52166527 | 30290570 | 58 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | ബാക്കി |
|---|---|---|---|---|---|
| അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 3225 | 267817 | 271042 | 266450 | 4592 |
| തൊഴിലാളികളുടെ കൂലി | - | 12807781 | 12807781 | 12807781 | - |

2020-21 വർഷം ആക്ഷൻ പ്ലാൻ പ്രകാരം 327 പ്രവൃത്തികൾക്ക് അംഗീകാരം കിട്ടിയതിൽ 89 എണ്ണം നടപ്പിലാക്കുകയും അതിൽ 77 എണ്ണം പൂർത്തീകരിച്ചിട്ടുമുണ്ട്. 2020-21 വർഷം ആകെ 34725 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാനും 200 കുടുംബങ്ങൾക്ക് 100 തൊഴിൽ ദിനങ്ങൾ അനുവദിക്കാനും സാധിച്ചിട്ടുണ്ട്.

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി | 1857900 | 783 |

| | | |
|---|---|---|
| പെൻഷൻ | | |
| വിധവാപെൻഷൻ | 10745500 | 4185 |
| വാർദ്ധക്യകാലപെൻഷൻ | 24393500 | 10259 |
| വികലാംഗപെൻഷൻ | 3229400 | 1251 |
| അവിവാഹിത പെൻഷൻ | 2579000 | 1043 |
| വിവാഹ ധനസഹായം | 240000 | 8 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 12-10-2021 12.50 പി.എം.-ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 4172 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവേ തൃപ്തികരമാണ്. വിവിധ സെക്ഷനുകളുടെ ചുമതലകളും ഉത്തരവാദിത്തങ്ങളും നിർണ്ണയിച്ചുകൊണ്ടുള്ള വിശദമായ ജോലി വിഭജനരേഖ തയ്യാറാക്കിയിട്ടുണ്ട്. ഓഫീസ് ഉത്തരവുകളിലൂടെ ആവശ്യമായ മാറ്റങ്ങൾ വരുത്തുകയും നിർദ്ദേശങ്ങൾ നല്കുകയും ചെയ്യുന്നുണ്ട്. സ്റ്റാഫ് മീറ്റിംഗുകൾ ചേർന്ന് ഓഫീസിന്റെ പ്രവർത്തനം വിലയിരുത്തുകയും അപാകങ്ങൾ പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നല്കുകയും ചെയ്തിട്ടുണ്ട്. ഓഫീസ് മീറ്റിംഗുകളിൽ നികുതികൾ പിരിച്ചെടുക്കുന്നതിലെ പുരോഗതിയും, ഫ്രണ്ട് ഓഫീസിന്റെ പ്രവർത്തനവും വിലയിരുത്തപ്പെടുന്നുണ്ട്. രജിസ്റ്ററുകൾ സൂക്ഷിക്കുന്ന കാര്യത്തിൽ ഗ്രാമപഞ്ചായത്ത് കൂടുതൽ ശ്രദ്ധപുലർത്തേണ്ടതുണ്ട്. തൊഴിൽ നികുതി രജിസ്റ്റർ സൂക്ഷിച്ചതിൽ അപാകത ഓഡിറ്റിന്റെ ശ്രദ്ധയിൽ പെടുകയുണ്ടായി. ആസ്തി രജിസ്റ്ററിൽ എല്ലാ ആസ്തികളും രേഖപ്പെടുത്തി കാലികമായി സൂക്ഷിച്ചിട്ടില്ല.

## 1-10 ദുരിതാശ്വാസ നിധിയുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്.

2003ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം രൂപീകരിക്കപ്പെട്ട പ്രസിഡന്റിന്റെ ദുരിതാശ്വാസ നിധിയുടെ പ്രവർത്തനം നിർജ്ജീവ അവസ്ഥയിലാണ്. കടമ്പൂർ സർവീസ് സഹകരണ ബാങ്കിലെ ദുരിതാശ്വാസ നിധിയുടെ അക്കൗണ്ടിൽ 2020-21 വർഷം 1018 രൂപ പലിശ വരവ് വന്നതല്ലാതെ മറ്റ് വരവോ,ചെലവോ ഇല്ല. 2020-21 വർഷം ഒരാൾക്ക് പോലും ദുരിതാശ്വാസ നിധിയിൽ നിന്ന് ധനസഹായം നൽകിയിട്ടില്ല. ദുരിതാശ്വാസ നിധിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-11 തൊഴിൽ നികുതി രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ കൃത്യമല്ല

ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതി രജിസ്റ്ററിൽ തുക ഒടുക്കിയതിന്റെ രശീതി നമ്പർ, തീയതി എന്നിവ രേഖപ്പെടുത്തിയത് കൃത്യമല്ല. വിശദവിവരം ചുവടെ ചേർക്കുന്നു

| സ്ഥാപനം | കാലയളവ് | ഒടുക്കിയ തുക, രശീതി നമ്പർ/തീയതി(രജിസ്റ്റർ പ്രകാരം) | റിമാർക്സ് |
|---|---|---|---|
| അട്ടൂർ ഈസ്റ്റ് എൽ.പി സ്കൂൾ | ഒന്നാം അർദ്ധവർഷം | 6250, 12002010/30.08.2019 | ഈ നമ്പർ പ്രകാരമുള്ള രശീതി പഞ്ചായത്തിൽ നിന്നും നൽകിയിട്ടില്ല. |
| കൃഷിഭവൻ, കാടാച്ചിറ | ഒന്നാം അർദ്ധവർഷം | 2250, 12002010 1092/26.08.2020 | ഈ രശീതി നമ്പർ പ്രകാരം കടമ്പൂർ ദേവീവിലാസം എൽ.പി സ്കൂൾ ജീവനക്കാരുടെ തൊഴിൽനികുതി ഒടുക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| ആയുർവേദ ഡിസ്പെൻസറി കടമ്പൂർ | രണ്ടാം അർദ്ധവർഷം | 1250, 120020105171/25.02.2021 | 120020105179/25.02.2021 ആണ് ശരിയായ രശീതി നമ്പർ. |
| വെറ്റിനറി ഡിസ്പെൻസറി | ഒന്നാം അർദ്ധവർഷം | 5410, 120020101203/08.08.20 | 08.08.20 തീയതി ഇപ്രകാരം ഒരു രശീതി പഞ്ചായത്തിൽ നിന്നും നൽകിയിട്ടില്ല. |
| വിജയ ബേങ്ക് എടക്കാട് | ഒന്നാം അർദ്ധവർഷം | 6250, 120020400004/07.08.2020 | 07.08.20 തീയതി ഇപ്രകാരം ഒരു രശീതി പഞ്ചായത്തിൽ നിന്നും നൽകിയിട്ടില്ല. |
| വിജയ ബേങ്ക് എടക്കാട് | രണ്ടാം അർദ്ധവർഷം | 7500, 120020105321/27.02.2021 | ഈ രശീതി നമ്പർ പ്രകാരം ചൊവ്വ കോ.ഓപ്പ് റൂറൽ ബേങ്ക് ജീവനക്കാരുടെ തൊഴിൽനികുതി ഒടുക്കിയിട്ടുണ്ട്. |
| കെ.എസ്.ഇ.ബി കാടാച്ചിറ | രണ്ടാം അർദ്ധവർഷം | 40000, 120020800011/17.02.2021 | 120020500011/17.02.2021 ആണ് ശരിയായ രശീതി നമ്പർ. |
| ചൊവ്വ കോ.ഓപ്പ് റൂറൽ ബേങ്ക് | രണ്ടാം അർദ്ധവർഷം | 8250, രേഖപ്പെടുത്തിയിട്ടില്ല | തുക ഒടുക്കിയ രശീതി നമ്പർ/തീയതി രേഖപ്പെടുത്തിയിട്ടില്ല. |
| മാവേലി സ്റ്റോർ എടക്കാട് | രണ്ടാം അർദ്ധവർഷം | 1250, 120020105473/15.03.2021 | 15.03.2021 തീയതി ഇപ്രകാരം ഒരു രശീതി പഞ്ചായത്തിൽ നിന്നും നൽകിയിട്ടില്ല. |
| വി ഇ ഒ ഓഫീസ് കടമ്പൂർ | രണ്ടാം അർദ്ധവർഷം | 2500, രേഖപ്പെടുത്തിയിട്ടില്ല | തുക ഒടുക്കിയ രശീതി നമ്പർ/തീയതി രേഖപ്പെടുത്തിയിട്ടില്ല. |
| എം.ജി.എൻ.ആർ.ഇ.ജി.എസ് സെക്ഷൻ കടമ്പൂർ | ഒന്നാം അർദ്ധവർഷം | 2050, 120020101666/28.09.2020 | 28.09.20 തീയതി ഇപ്രകാരം ഒരു രശീതി പഞ്ചായത്തിൽ നിന്നും നൽകിയിട്ടില്ല. |

മേൽ അപാകം സംബന്ധിച്ച അന്വേഷണത്തിന് (8/13.10.2021) മേൽ പരാമർശിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയതിന്റെ ശരിയായ രശീതി നമ്പർ/തീയതി ലഭ്യമാക്കിയിട്ടുണ്ട്. ഇപ്രകാരമുള്ള അപാകങ്ങൾ ആവർത്തിക്കാതിരിക്കേണ്ടതും രജിസ്റ്ററുകളിലെ രേഖപ്പെടുത്തലുകളുടെ കൃത്യത ഉറപ്പുവരുത്തേണ്ടതുമാണ്.

## <u>1-12 ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല</u>

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന മുഴവൻ വ്യാപാരസ്ഥാപനങ്ങളുടെയും നടത്തിപ്പുകാരുടെയും വിവരങ്ങളടങ്ങിയ പട്ടിക (ട്രേഡേഴ്സ് ലിസ്റ്റ്) വാർഡ് തിരിച്ച് എഴുതി തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്. പഞ്ചായത്തിൽ ഇപ്രകാരത്തിലുള്ള ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല . പഞ്ചായത്തിൽ 2018-19 വർഷം എഫ്.ടി.ഇ & ഒ.എസ് ലൈസൻസെടുത്ത വ്യാപാരസ്ഥാപനങ്ങളുടെ എണ്ണം 406 ഉം 2020-21 വർഷം 379 ഉം ആണ്.ഇതിൽ 65 ഓളം സ്ഥാപനങ്ങൾ 2020-21 പുതുതായി ആരംഭിച്ചവയാണ്. ലൈസൻസെടുക്കുന്ന സ്ഥാപനങ്ങളുടെ എണ്ണം കുറവായത് സംബന്ധിച്ച് നൽകിയ അന്വേഷണത്തിന് (7/18.10.2021) കോവിഡ് 19 കാരണം സ്ഥാപനങ്ങൾ കൃത്യമായി തുറന്ന് പ്രവർത്തിക്കാതിരുന്നതിനാലാണ് ഇപ്രകാരം സംഭവിച്ചതെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ഏതൊക്കെ സ്ഥാപനങ്ങളാണ് ഇപ്രകാരം പ്രവർത്തനം നിർത്തിയതെന്ന് സംബന്ധിച്ച പൂർണ്ണമായ വിവരങ്ങൾ ലഭ്യമല്ല. (2019-20

വർഷം ലൈസൻസ് എടുക്കാതിരുന്ന 10 സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലെന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അവയുടെ ലൈസൻസ് ഭരണസമിതി അംഗീകാരത്തോടെ ഒഴിവാക്കിയിട്ടുണ്ട്.) ഫീൽഡ് പരിശോധന നടത്തി ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും ലൈസൻസ് ഫീ, തൊഴിൽ നികുതി എന്നീ നികുതി ഇനങ്ങളിൽ വരുമാന ചോർച്ച സംഭവിക്കുന്നില്ലെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

## 1-13 വളർത്തുനായ്ക്കൾക്കുള്ള ലൈസൻസ് അപാകങ്ങൾ

1998 ലെ കേരള പഞ്ചായത്ത് രാജ് (പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 4 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പട്ടികളെ വളർത്തുന്ന ഏതൊരാളും ലൈസൻസിനായി അവയുടെ പ്രായം,നിറം, ഇനം മുതലായ വിവരങ്ങൾ,10 രൂപ ഫീസ് എന്നിവ സഹിതം സെക്രട്ടറിക്ക് അപേക്ഷ നൽകേണ്ടതാണ്. ഓഡിറ്റ് വർഷം ഇപ്രകാരം 13 വളർത്തുനായ്ക്കൾക്ക് വേണ്ടി മാത്രമാണ് ലൈസൻസിന് അപേക്ഷിച്ചിരിക്കുന്നത്. എന്നാൽ വെറ്റിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായ പ്രോജക്ട് നം. 79/21, പേവിഷ പ്രതിരോധകുത്തിവെയ്പ്പ് എന്ന പ്രൊജക്റ്റിന്റെ ഭാഗമായി 89 വളർത്തുനായ്ക്കൾക്ക് വാക്സിനേഷൻ നൽകിയിട്ടുണ്ട്. ഇത് കൂടാതെ കടമ്പൂർ വെറ്റിനറി ഡിസ്പെൻസറിയിൽ നിന്നും വളർത്തുനായ്ക്കൾക്ക് വാക്സിനേഷൻ നൽകുന്നുണ്ട്. ഇതിൽ നിന്നും ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ലൈസൻസില്ലാതെ പട്ടികളെ വളർത്തുന്നുണ്ടെന്ന് വ്യക്തമാണ്. മേൽ വിഷയത്തിൽ പഞ്ചായത്ത് സ്വീകരിച്ചിട്ടുള്ള നടപടി സംബന്ധിച്ച് വിവരം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (20/22.03.2021) മറുപടി ലഭ്യമാക്കിയിട്ടില്ല. വാക്സിനേഷൻ സർട്ടിഫിക്കറ്റ് ലഭിച്ച എല്ലാ വളർത്തുനായ്ക്കളെയും ലൈസൻസിന്റെ പരിധിയിൽ കൊണ്ടുവരാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്

## 1-14 ഗ്യാസ് ക്രിമിറ്റോറിയം നടത്തിപ്പിനുള്ള നിയമാവലിക്ക് അംഗീകാരം ലഭ്യമായിട്ടില്ല

1994 ലെ കേരളപഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 256, 1998 ലെ കേരളപഞ്ചായത്ത് രാജ് (ശവം മറവുചെയ്യാനും ദഹിപ്പിക്കുവാനുമുള്ള സ്ഥലങ്ങൾ) ചട്ടങ്ങൾ എന്നിവ പ്രകാരം ഗ്രാമപഞ്ചായത്ത് ഗ്യാസ് ക്രിമിറ്റോറിയം നടത്തിപ്പിനുള്ള കരട് നിയമാവലി തയ്യാറാക്കുകയും ഭരണസമിതിയുടെ 09.09.2020 തീയതിയിലെ 316/20(1) നമ്പർ തീരുമാനപ്രകാരം നിയമാവലി അംഗീകരിക്കുകയും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ആയതിന് അംഗീകാരം ലഭിച്ചിട്ടില്ല. നിയമാവലിക്ക് അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തേണ്ടതാണ്.

## 1-15 ഇ-ടെണ്ടർ ഫീ , പഞ്ചായത്ത് ഫണ്ടിലേക്ക് ഒടുക്ക് വരുത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ മരാമത്ത് പ്രവർത്തികളിലെ ഇ-ടെണ്ടർ നടപടികൾ പൂർത്തിയാക്കിയത് കണ്ണൂർ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ട് മുഖേനയാണ്. ഇ-ടെണ്ടർ ചെയ്ത പ്രവർത്തികളുടെ ടെണ്ടർ ഫീസ് ഇനത്തിലെ തുക ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേക്കാണ് ക്രഡിറ്റ് ചെയ്തുവരുന്നത്. ആയത് പഞ്ചായത്ത് ഫണ്ടിലേക്ക് തിരികെ ലഭ്യമായതിന്റെയും നാളിതുവരെയായി ലഭിക്കാനുള്ള തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനും ഓഡിറ്റ് എൻക്വയറി (21/21.10.21) നൽകിയെങ്കിലും മറുപടി ഹാജരാക്കുകയുണ്ടായില്ല. ഇ-ടെണ്ടർ ഫീ പഞ്ചായത്ത് ഫണ്ടിലേക്ക് ഒടുക്ക് വരുത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-16 പെൻഷൻ ഗുണഭോക്താവ് മരണപ്പെട്ടിട്ടും പെൻഷൻ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കിയിട്ടില്ല

പഞ്ചായത്തിൽ രജിസ്റ്റർ ചെയ്ത മരണപ്പെട്ട വ്യക്തികളുടെ ആധാർ നമ്പർ സേവന പെൻഷൻ വെബ് സൈറ്റിൽ പരിശോധിച്ചപ്പോൾ പെൻഷൻ ഗുണഭോക്താവ് മരണപ്പെട്ട ശേഷവും പെൻഷൻ തുക ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പെൻഷണറുടെ പേര് / കൈപ്പറ്റുന്ന പെൻഷൻ | ആധാർ നം. | പെൻഷൻ ഐഡി.നം | മരണപ്പെട്ട തീയതി/ രജിസ്റ്റർ നം.&തീയതി | റിമാർക്സ് |
|---|---|---|---|---|
| തുളസി എം | 213507845863 | 102220600103 | 23.12.2020<br>1/2021 | 1.1.2021 മുതൽ 31.3.2021വരെ |

| | | | | |
|---|---|---|---|---|
| വിധവ പെൻഷൻ | | | 12.1.2021 | @₹1500 1.4.2021 മുതൽ 31.8.2021വരെ @₹1600 നിലവിൽ അക്കൌണ്ട് സസ്പെന്റ് ചെയ്തിട്ടുണ്ട്. |

അപാകത്തിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.28/23.10.2021 ന് ലഭ്യമാക്കിയ മറുപടിയിൽ പെൻഷൻ ഗുണഭോക്താവ് മരണപ്പെട്ടിട്ടുള്ള വിവരം യഥാസമയം പഞ്ചായത്തിൽ അറിയിക്കാതിരുന്നതിനാലാണ് മരണശേഷവും പെൻഷൻ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യപ്പെട്ടത് എന്നും തുക തിരിച്ചടക്കുന്നതിനുള്ള നടപടി സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. അധികം ക്രെഡിറ്റ് ചെയ്ത 12,500/- രൂപ തിരികെ ഈടാക്കി അതാത് പെൻഷൻ ഹെഡിൽ തിരിച്ചടച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-17 തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ് - പരിശോധനാ വിധേയമാക്കേണ്ടതാണ്

ഗ്രാമ പഞ്ചായത്ത് താഴെ പറയുന്ന ഇനം തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജാണ് പ്രതിമാസം ഒടുക്കി വരുന്നത്. വിശദവിവരം താഴെ കൊടുക്കുന്നു

| ക്രമ നം. | ഇനം | എണ്ണം |
|---|---|---|
| 1 | ഫിലമെന്റ് ട്യൂബ്-40 വാട്ട് | 378 |
| 2 | ഫിലമെന്റ് ട്യൂബ്-80 വാട്ട് | 15 |
| 3 | ഓർഡിനറി ലാമ്പ്-40 വാട്ട് | 2 |
| 4 | സോഡിയം വേപ്പർ ലാമ്പ്-150 വാട്ട് | 4 |
| 5 | സി.എഫ്.എൽ-11 വാട്ട് | 27 |
| 6 | സി.എഫ്.എൽ-22 വാട്ട് | 390 |
| 7 | എൽ.ഇ.ഡി ലൈറ്റ്-18 വാട്ട് | 60 |

തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജായി 2020-21 വർഷം 46157 രൂപവീതം പ്രതിമാസം ഒടുക്കിയിട്ടുണ്ട്. പ്രവർത്തിക്കുന്ന തെരുവ് വിളക്കുകൾക്ക് മാത്രമാണ് വൈദ്യുതി ചാർജ് ഒടുക്കുന്നത് എന്ന് ഉറപ്പ് വരുത്തുന്നതിന് കെ.എസ്.ഇ.ബി യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടുണ്ടോ എന്ന് വ്യക്തമല്ല. മേൽ പട്ടിക പരിശോധിച്ചാൽ സോഡിയം വേപ്പർ ലാമ്പ്, ഓർഡിനറി ലാമ്പ് എന്നിവക്കൊക്കെ ഗ്രാമ പഞ്ചായത്ത് വൈദ്യുതി ചാർജ് ഒടുക്കി വരുന്നുണ്ട്. തെരുവ് വിളക്കുകൾ എവിടെയൊക്കെയാണ് സ്ഥാപിച്ചിട്ടുള്ളത് എന്ന് തെളിയിക്കുന്ന പോസ്റ്റ് നമ്പർ ഉൾപ്പെടെയുള്ള വിശദവിവരങ്ങളടങ്ങിയ തെരുവ് വിളക്ക് രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിച്ചിട്ടുണ്ടോ എന്നും മീറ്റർ സ്ഥാപിക്കാൻ കെ.എസ്.ഇ.ബി-യിൽ തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ടോ എന്നുമുള്ള വിവരങ്ങൾ ലഭ്യമല്ല. മേൽ വിഷയങ്ങൾ സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (15/21-10-2021) മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രവർത്തിക്കുന്ന തെരുവ് വിളക്കുകൾക്ക് മാത്രമാണ് വൈദ്യുതി ചാർജ് ഒടുക്കുന്നത് എന്ന് ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി ഈ വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപെടുത്തുന്നു.

## 1-18 പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ കെ.ഡബ്ള്യു.എ യുടെ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ - രേഖകൾ ലഭ്യമാക്കിയിട്ടില്ല - 799933 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ/പേര് | 88/2021, പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ കെ.ഡബ്ല്യൂ.എ.-യുടെ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ |

| | |
|---|---|
| അടങ്കൽ | ₹2500000 ജില്ലാ പഞ്ചായത്ത് വിഹിതം |
| ചെലവ് | ₹799933 ജില്ലാ പഞ്ചായത്ത് വിഹിതം |
| വൗച്ചർ നമ്പർ& തീയ്യതി | 22000385/ 27-08-2020 -₹799933 |

മേൽ പറഞ്ഞ പ്രോജക്ട് പ്രകാരം പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ കെ.ഡബ്ള്യ.എ യുടെ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ പ്രവൃത്തിക്കായി 799933 രൂപ കേരള വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ വാട്ടർ അതോറിറ്റി തുക കൈപ്പറ്റിയതിന്റെ കൈപ്പറ്റ് രസീത്, വാട്ടർ അതോറിറ്റിയുമായി ഏർപ്പെട്ട കരാർ, വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത രേഖകൾ ലഭ്യമാക്കാനും മേൽ പ്രവൃത്തികൾ പൂർത്തീകരിച്ച് കുടിവെള്ള വിതരണം ആരംഭിച്ചിട്ടുണ്ടോ എന്ന് അറിയിക്കാനും ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (21/22-10-2021) സെക്രട്ടറി മറുപടി നല്കിയിട്ടില്ല. മേൽ രേഖകളുടെ അഭാവത്തിൽ 799933 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-19 ഐ.കെ.എമ്മിന് ഗ്രാമ പഞ്ചായത്ത് വിഹിതം നല്കൽ-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ടിന്റെ നമ്പരും പേരും | 11/21 ഐ.കെ.എമ്മിന് ഗ്രാമ പഞ്ചായത്ത് വിഹിതം നല്കൽ |
| അടങ്കൽ | ₹36878 വികസനഫണ്ട് |
| ചെലവ് | ₹36878വികസനഫണ്ട് |
| ബിൽ നമ്പർ& തീയ്യതി | 22000293, 29-07-2020 |

മേൽ പ്രോജക്ട് പ്രകാരം 2020-21 സാമ്പത്തിക വർഷത്തെ ഗ്രാമ പഞ്ചായത്ത് വിഹിതമായി 36878 രൂപ ഐ.കെ.എമ്മിന് കൈമാറിയിട്ടുണ്ട്. എന്നാൽ ഐ.കെ.എമ്മിൽ നിന്ന് വിനിയോഗ സാക്ഷ്യപത്രം ഇതുവരെ ലഭ്യമായിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ഐ.കെ.എമ്മിൽ നിന്ന് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-20 ശാരീരീക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് - പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | ഐസിഡിഎസ് സൂപ്പർവൈസർ |
| പ്രോജക്ട് നം./പേര് | 4/20-21, ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് വിതരണം |
| അടങ്കൽ | ₹7,30,000/- (വികസന ഫണ്ട് )<br>₹3,65,000/- (ബ്ലോക്ക് പഞ്ചായത്ത് ഫണ്ട് )<br>₹3,65,000/- (ജില്ലാ പഞ്ചായത്ത് ഫണ്ട് )<br>ആകെ – 1460000 |
| ചെലവ് | ₹7,30,000/- (വികസന ഫണ്ട് ) |

| | |
|---|---|
| | ₹3,65,000/- (ബ്ലോക്ക് പഞ്ചായത്ത് ഫണ്ട്)<br>₹3,65,000/- (ജില്ലാ പഞ്ചായത്ത് ഫണ്ട്)<br>ആകെ – 1460000 |
| ബിൽ നം. ,തീയതി & തുക | 7/20-21/9.11.2020 - ₹3,29,400/-<br>8/20-21/20.2.2021 - ₹4,00,600/-<br>10/20-21/3.3.2021 - ₹3,65,000/-<br>13/20-21/16.3.2021 – ₹3,65,000/- |

ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്ന പദ്ധതിയാണിത്. ഈ പദ്ധതി പ്രകാരം കുമാരി സാത്മിക സുരേഷ് എന്ന വിദ്യാർത്ഥിനിക്ക് സ്കോളർഷിപ്പും വാർഷിക ബത്തയും അനുവദിച്ചിട്ടുണ്ട്. വിദ്യാർത്ഥിനി അപേക്ഷയോടൊപ്പം സമർപ്പിച്ച കോഴ്സ് സർട്ടിഫിക്കറ്റ് പ്രകാരം മുനിയാൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആയുർവേദ മെഡിക്കൽ സയൻസസ്, മണിപ്പാൽ എന്ന സ്ഥാപനത്തിൽ 1.9.2020 മുതൽ അഡ്മിഷൻ ലഭിച്ചിട്ടുണ്ട്. ടിയാൾക്ക് അനുവദിച്ചതും അനുവദിക്കേണ്ടതുമായ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വിദ്യാർത്ഥിയുടെ പേര്, ക്ലാസ്സ്, പഠിക്കുന്ന സ്ഥാപനം | കാലയളവ് | അനുവദനീയനീയ സ്കോളർഷിപ്പ് + വാർഷിക ബത്ത | അനുവദിച്ചത് | കുറവ് |
|---|---|---|---|---|
| സാത്മിക സുരേഷ്<br>BAMS- Ist Year | ജൂൺ 2020മുതൽ<br>നവംബർ 2020വരെ | 1000X6 + 1250<br>7250 | 800 X6 + 800<br>5600 | ₹1650 |
| | ഡിസംബർ 2020മുതൽ<br>മാർച്ച് 2021വരെ | 4X1000<br>4000 | 4X800<br>3200 | ₹800/- |
| ആകെ | | | | ₹2450/- |

അനുവദനീയമായതിലും കുറവായി തുക അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 2/8.10.2021ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

സ ഉ (കൈ) നം.22/2018/തസ്വഭവ തീയതി 14.2.2018 ലെ ഖണ്ഡിക 7.1.6 ൽ പരാമർശിച്ച നിരക്ക് പ്രകാരം പ്രതിമാസ സ്കോളർഷിപ്പും വാർഷിക ബത്തയും അനുവദിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-21 വീട്ടുവളപ്പിൽ മത്സ്യകൃഷി - സർക്കാർ ഉത്തരവിലെ നിർദ്ദേശം പാലിച്ചുകൊണ്ട് പദ്ധതിനടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | SO0127/21 |
| പ്രോജക്റ്റിന്റെ പേര് | വീട്ടുവളപ്പിൽ മത്സ്യകൃഷി പടുതകുളം |
| അടങ്കൽ | 65600 (വികസന ഫണ്ട്-ജനറൽ)<br>65600(സംസ്ഥാനാവിഷ്കൃത ഫണ്ട്)<br>65600(ജില്ലാ പഞ്ചായത്ത് വിഹിതം<br>295200 (മറ്റുള്ളവ)<br>ആകെ – 492000 |

| | |
|---|---|
| ചെലവ് | 43617(വികസന ഫണ്ട്-ജനറൽ)<br>43617(ജില്ലാ പഞ്ചായത്ത് വിഹിതം)<br>43617(സംസ്ഥാനാവിഷ്കൃതം, ഫിഷറീസ് വകുപ്പ് നേരിട്ട് ചെലവഴിച്ച തുക)<br>196284 (ഗുണഭോക്താക്കൾ നേരിട്ട് ചെലവഴിച്ചത്)<br>ആകെ – 327135 |
| ബിൽ നമ്പർ | 1/20-03-2021 -43617<br>2/20-03-2021 – 43617 |
| നിർവ്വഹണം | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് |

80 ച.മീ. വിസ്തീർണ്ണമുള്ള കുളം, 40 സെ മീ ആഴത്തിൽ കുഴിയെടുത്ത് പ്രസ്തുത മണ്ണ് ഉപയോഗിച്ച് കുളത്തിന് ചുറ്റുമായി 110 സെ മീ ഉയരത്തിൽ ബണ്ട് രൂപീകരിച്ച ശേഷം കുളത്തിൽ പടുത വിരിക്കൽ, അടിത്തട്ട് ഒരുക്കൽ , 125 സെ മീറ്റർ ഉയരത്തിൽ ജലം നിറയ്ക്കൽ, സംരക്ഷിത വല സ്ഥാപിച്ച് 1000 മത്സ്യ കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിനുള്ള ഒരു യൂണിറ്റിന് മൊത്തം ചെലവിന്റെ (1,23,000/-) 40% സബ്സിഡി നൽകുന്നതിനുള്ള പദ്ധതിയിൽ 3 ഗുണഭോക്താക്കൾക്ക് (പ്രമോദ്. എൻ കെ-₹45159, പങ്കജാക്ഷൻ. എം കെ -₹43404 , ഉഷ പി- ₹42288) മേൽ പറഞ്ഞ തുക നൽകിയിട്ടുണ്ട്. സ ഉ((സാധാ) നം 1009/20/തസ്വഭവ തീ.29.05.20 ഉത്തരവിലെ ഖണ്ഡിക 4.2 പ്രകാരം വീട്ടുവളപ്പിൽ പടുതകുളം നിർമ്മിച്ച് വെഞ്ചുറി പമ്പ് ഉൾപ്പെടെയുള്ള ഉപകരണങ്ങൾ സ്ഥാപിച്ച് മത്സ്യകൃഷി നടത്തുന്നതിനായാണ് ആനുകൂല്യം അനുവദിക്കേണ്ടത്. മേൽ പരാമർശിച്ച ഉത്തരവിലെ ഖണ്ഡിക 4.5.8 പ്രകാരം മത്സ്യകൃഷിയെ ഫിഷറീസ് വകുപ്പിന്റെ ഇൻഷ്വറൻസ് സ്കീമിന്റെ ഭാഗമാക്കേണ്ടതുമാണ്. ആനുകൂല്യം അനുവദിച്ച ഗുണഭോക്താക്കളിൽ പങ്കജാക്ഷൻ എം കെ, ഉഷ പി എന്നിവർ വെഞ്ചുറി പമ്പ് സ്ഥാപിക്കാതെയാണ് കുളം തയ്യാറാക്കിയിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 16/21.10.21) നല്ല ഏവിയേഷൻ ലഭിക്കുന്നതിന് വേണ്ടിയാണ് സാധാരണഗതിയിൽ വെഞ്ചുറി പമ്പ് സ്ഥാപിക്കുന്നതെന്നും കോവിഡ് സാഹചര്യമുള്ളതിനാൽ വെഞ്ചുറി പമ്പ് മാർക്കറ്റിൽ ലഭ്യമല്ലാത്തതിനാൽ മറ്റ് ഏവിയേഷൻ രീതിയാണ് ഗുണഭോക്താക്കൾ സ്വീകരിച്ചിട്ടുള്ളതെന്നുമുള്ള മറുപടിയാണ് നൽകിയത്. ഫിഷറീസ് വകുപ്പ് നേരിട്ട് 43617 രൂപ ചെലവഴിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. പ്രൊജക്ടിന്റെ ഫലപ്രാപ്തിക്കും സുരക്ഷിതത്വത്തിനും സർക്കാർ ഉത്തരവിലെ മേൽ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് പദ്ധതി നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-22 ആട് വളർത്തൽ മിനി ഫാം -പദ്ധതി പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്

നിർവ്വഹണ ഉദ്യോഗസ്ഥൻ - വെറ്റിനറി സർജൻ

പ്രൊജക്ട് നമ്പർ/പേര് - 130/21 ആട് വളർത്തൽ മിനി ഫാം

അടങ്കൽ - 50000(വികസന ഫണ്ട് (ജനറൽ)

-100000(ഗുണഭോക്തൃ വിഹിതം)

-50000(ജില്ലാപഞ്ചായത്ത് വിഹിതം)

ആകെ അടങ്കൽ – 200000

ചെലവ് - 25000 (ജില്ലാപഞ്ചായത്ത് വിഹിതം) ബിൽ നം. 11/31.03.21

2020-21 വർഷം നൂതന പ്രൊജക്ടായി നടപ്പിലാക്കിയ ആട് ഫാം തുടങ്ങാൻ ധനസഹായം നൽകുന്നതിനായി ആരംഭിച്ചിട്ടുള്ള പ്രൊജക്ട് പ്രകാരം ലക്ഷ്യമിട്ടിരുന്നത് ഒരു സ്ക്വയർ ഫീറ്റിന് 100 രൂപ നിരക്കിൽ 100 സ്ക്വയർ ഫീറ്റ് ഉള്ള താല്കാലിക ഷെഡ് നിർമ്മിക്കുന്നതിനും 5 പെണ്ണാടിനെയും 1 മുട്ടനാടിനെയും പർച്ചേസിംഗ് കമ്മിറ്റി വഴി വാങ്ങി നല്കുന്നതിനും തീറ്റ വാങ്ങുന്നതിനുമായി ആകെ ₹50000 ആനുകൂല്യം അനുവദിക്കുന്നതിനാണ്. പദ്ധതി പ്രകാരം ₹30000 ക്ക് 5 പെണ്ണാടിനെയും 1 മുട്ടനാടിനെയും വാങ്ങിയതിനുള്ള ധനസഹായമായി 12500 രൂപവീതം അഹമ്മദ് എ വി , റജീന ടി എന്നീ ഗുണഭോക്താക്കൾക്ക് നൽകിയിട്ടുണ്ട്. എന്നാൽ മറ്റ് പ്രവർത്തനങ്ങൾ ഷെഡ് നിർമ്മാണം, തീറ്റ വാങ്ങൽ എന്നിവ നടപ്പിലാക്കുകയോ ആനുകൂല്യം വിതരണം ചെയ്യുകയോ ഉണ്ടായിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 18/21.10.21) പഞ്ചായത്തിൽ നിന്നും ലഭിക്കേണ്ട മുഴുവൻ ഫണ്ടുകളും ലഭിക്കാത്തത് കാരണം ഗുണഭോക്താക്കൾ പദ്ധതി പൂർത്തീകരിച്ചുവെങ്കിലും അവർക്ക് ആനുകൂല്യം വിതരണം ചെയ്യാൻ സാധിച്ചിട്ടില്ല എന്ന മറുപടിയാണ് നൽകിയത്. ഗുണഭോക്താക്കൾ പ്രൊജക്ടിൽ പരാമർശിച്ച പ്രകാരം താല്കാലിക ഷെഡ് നിർമ്മാണം നടത്തിയിട്ടുണ്ട് എന്ന് ഉറപ്പുവരുത്തിയതിന് ശേഷം അവർക്ക് അർഹതപ്പെട്ട ആനുകൂല്യം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-23 കന്നു കുട്ടികളെ ദത്തെടുക്കൽ- കാലിത്തീറ്റ വിതരണം ആരംഭിച്ചില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ- വെറ്റിനറി സർജൻ

പ്രോജക്ട് നമ്പർ/പേര് - 126/21 കന്നു കുട്ടികളെ ദത്തെടുക്കൽ

അടങ്കൽ - 93750(വികസന ഫണ്ട് (ജനറൽ)

-93750(ജില്ലാപഞ്ചായത്ത് വിഹിതം)

ആകെ – 187500/-

ചെലവ്- 50000(ജില്ലാപഞ്ചായത്ത് വിഹിതം) ബിൽ നം. 10/31.03.21

മൃഗസംരക്ഷണ വകുപ്പ് ക്ഷീര സഹകരണ സംഘങ്ങൾ വഴി നടപ്പാക്കുന്ന പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിയുടെ നടത്തിപ്പിനായി 2020-21 വർഷത്തിൽ 50000/- രൂപ 8 കന്നുകുട്ടികൾക്കുള്ള ജില്ലാ പഞ്ചായത്ത് വിഹിതമായി എസ് എൽ ബി പി ഡെപ്യൂട്ടി ഡയറക്ടർക്ക് അനുവദിച്ചിട്ടുണ്ട്. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 17/21.10.21) ഉള്ള മറുപടിയിൽ ഗ്രാമപഞ്ചായത്തും ജില്ലാപഞ്ചായത്തും സംയുക്തമായി നടപ്പിലാക്കുന്ന പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് ജില്ലാപഞ്ചായത്ത് വിഹിതം മാത്രമാണ് ഇതേവരെ എസ് എൽ ബി പി ഡെപ്യൂട്ടി ഡയറക്ടർക്ക് കൈമാറിയിട്ടുള്ളത് എന്നും, മുഴുവൻ ഫണ്ടും ലഭ്യമായാൽ മാത്രമേ കന്നുകുട്ടികളുടെ എൻറോൾമെന്റും തീറ്റ വിതരണവും നടത്താൻ സാധിക്കുകയുള്ളൂ എന്നും അറിയിച്ചിട്ടുണ്ട്. പഞ്ചായത്ത് വിഹിതം നൽകാത്തത് കാരണം നാളിതുവരെയും കാലിത്തീറ്റ വിതരണം ആരംഭിക്കാൻ സാധിച്ചിട്ടില്ല. പദ്ധതി നിർവ്വഹണത്തിനാവശ്യമായ ഫണ്ട് യഥാസമയം അനുവദിക്കാത്തത്, സമയബന്ധിതമായി നടപ്പിലാക്കേണ്ട കാലിത്തീറ്റ വിതരണത്തിന്റെ ആനുകൂല്യം ഗുണഭോക്താക്കൾക്ക് ലഭ്യമാകാതെ വരുന്നതിനും പദ്ധതിപണം വിനിയോഗിക്കാതെ പാഴായിപോകുന്നതിനും കാരണമാകുന്നു. പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്ന കാര്യത്തിൽ ബന്ധപ്പെട്ട മോണിറ്ററിംഗ് കമ്മിറ്റികളും ഭരണസമിതിയും കാര്യമായ ശ്രദ്ധചെലുത്തേണ്ടതും പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-24 വീടുകളിൽ റിംഗ് കമ്പോസ്റ്റ് – പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ,<br>കാടാച്ചിറ സർക്കിൾ |
| പ്രോജക്ട് നം./ പേര് | 23/2021, വീടുകളിൽ റിംഗ് കമ്പോസ്റ്റ് യൂണിറ്റ് നൽകൽ |
| അടങ്കൽ | ₹7,50,000/- (വികസന ഫണ്ട്)<br>₹3,75,000/ (ശുചിത്വ മിഷൻ ഫണ്ട്)<br>₹1,25,000/ (ഗുണഭോക്തൃ വിഹിതം)<br>ആകെ –₹1250000/- |
| ചെലവ് | ₹7,50,000/- (വികസന ഫണ്ട്) |
| ബിൽ നം. & തീയതി | 20/20-21/30.3.2021 |

പഞ്ചായത്തിൽ സ്ഥിര താമസമുള്ള 500 കുടുംബങ്ങൾക്ക് റിംഗ് കമ്പോസ്റ്റ് സ്ഥാപിച്ച് നൽകുന്നതാണ് പ്രോജക്ട്. ഒരു യൂണിറ്റിന് 2500/- രൂപയാണ് വില. റെയ്ഡ്കോ എന്ന സ്ഥാപനത്തിനാണ് വീടുകളിൽ റിംഗ് കമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിക്കുന്നതിന് കരാർ നൽകിയത്. പദ്ധതി നടപ്പിലാക്കിയതായ മോണിറ്ററിംഗ് സമിതി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുക നൽകുന്നു. പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. പഞ്ചായത്തിലെ 8 വാർഡുകളിലായി (വാർഡ് നം. II – 40 എണ്ണം, III- 40 എണ്ണം, VI-35 എണ്ണം, VII-29 എണ്ണം, VIII- 40 എണ്ണം, IX - 40 എണ്ണം, XI – 41എണ്ണം, XII- 40 എണ്ണം) 305 റിംഗ് കമ്പോസ്റ്റുകൾ സ്ഥാപിച്ചിട്ടുണ്ടെന്ന് അതാത് വാർഡ് മെമ്പർമാർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെങ്കിലും റെയിഡ്കോയുടെ ഇൻസ്റ്റലേഷൻ സാക്ഷ്യപത്രം ഇല്ലാത്തതിനാൽ എത്ര യൂണിറ്റുകൾ സ്ഥാപിച്ചിട്ടുണ്ടെന്ന കൃത്യമായ എണ്ണം ഫയലിൽ നിന്നും വ്യക്തമല്ല.

2. CGST/SGST Act,2017 ലെ വകുപ്പ് 51(1) പ്രകാരം കരാറുകാരായ റെയ്ഡ്കോ-യുടെ ബില്ലിൽ നിന്നും 2% തുക TDS കുറവ് ചെയ്യേണ്ടതുണ്ട്. എന്നാൽ റെയ്ഡ്കോ- യ്ക്ക് നൽകിയ 7,50,000/- രൂപയിൽ നിന്നും GSTകുറച്ച തുകയിൽ നിന്നും 2% TDS 14250/-രൂപ (7125 രൂപ വീതം) കുറവ് ചെയ്തിട്ടില്ല.

3. റിംഗ് കമ്പോസ്റ്റ് നൽകുന്നതുമായി ബന്ധപ്പെട്ട് 500 ഗുണഭോക്താക്കളിൽ നിന്നായി 1,25,000/ രൂപ (500X ₹250 ) ഗുണഭോക്തൃ വിഹിതമായി പിരിച്ചെടുത്തിട്ടുണ്ടെങ്കിലും ആയത് ചെലവഴിച്ചിട്ടില്ല.

4. മോണിട്ടറിംഗ് റിപ്പോർട്ട്, പൂർത്തീകരണ സാക്ഷ്യ പത്രം എന്നിവ ഇല്ല.

അപാകങ്ങൾക്ക് മറുപടി ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.11/20.10.2021 ന് 2020-21 വർഷം പദ്ധതി പൂർത്തിയായിട്ടില്ലെന്നും 2021-22 വർഷം സ്പിൽ ഓവറായി തുടരുന്നുണ്ടെന്നും പൂർത്തിയാകുന്ന മുറയ്ക്ക് ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റ് വാങ്ങുന്നതാണെന്നും പൂർത്തീകരണ സാക്ഷ്യപത്രം തയ്യാറാക്കി സൂക്ഷിക്കുന്നതാണെന്നും റെയ്ഡ്കോയിൽ നിന്നും ജി എസ് ടി TDS കുറവ് ചെയ്യേണ്ടതില്ലായെന്ന നിർദ്ദേശം ഉള്ളതിനാലാണ് TDS പിടിക്കാതിരുന്നതെന്നുമുള്ള മറുപടിയാണ് ലഭ്യമാക്കിയത്.

7,50,000/- രൂപ റെയ്ഡ്കോയ്ക്ക് നൽകിയതിനാൽ അത്രയും തുകയ്ക്കുള്ള റിംഗ് കമ്പോസ്റ്റ് സ്ഥാപിച്ചിട്ടുണ്ടെന്ന് ഉറപ്പു വരുത്തേണ്ടത് നിർവഹണ ഉദ്യോഗസ്ഥയും ബന്ധപ്പെട്ട മോണിട്ടറിംഗ് സമിതിയുമാണ്. 2017 ലെ CGST/SGST നിയമത്തിൽ സർക്കാർ - അർദ്ധ സർക്കാർ, ജി എസ് ടി വകുപ്പ് കാലാകാലങ്ങളിൽ നിർദ്ദേശിക്കുന്ന സ്ഥാപനങ്ങൾ എന്നിവയുടെ തുകയിൽ നിന്നും TDS കിഴിവ് വരുത്തേണ്ടതില്ലായെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്. CGST/SGST നിയമത്തിലെ സെക്ഷൻ 122(1)(V) പ്രകാരം സ്രോതസ്സിൽ നിന്നും നികുതി കുറവ് ചെയ്യാതിരുന്നാൽ / കുറവ് ചെയ്ത തുക സർക്കാരിലേക്ക് അടവാക്കാതിരുന്നാൽ പിഴ ഒടുക്കേണ്ടി വരുമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ആയതിനാൽ റെയ്ഡ്കോയിൽ നിന്നും 14250/- (7125 രൂപ വീതം) രൂപ TDS പിഴ സഹിതം ഒടുക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-25 വീടുകളിൽ റിംഗ് കമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിക്കൽ - ടി.ഡി.എസ്. കുറവ് ചെയ്തിട്ടില്ല

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ,<br>കാടാച്ചിറ സർക്കിൾ |
| പ്രോജക്ട് നം./ പേര് | SO118/2021, വീടുകളിൽ റിംഗ് കമ്പോസ്റ്റ് യൂണിറ്റ് നൽകൽ |
| അടങ്കൽ | ₹3,76,500/- (വികസന ഫണ്ട്)<br>₹.1,41,395/- (CFC)<br>₹2,59,500/- ( സംസ്ഥാന ഫണ്ട്)<br>₹1105/- (തനത് ഫണ്ട്)<br>₹86,500/- (മറ്റുള്ളവ)<br>..................<br>₹8,65,000/- |
| ചെലവ് | ₹3,76,500/- (വികസന ഫണ്ട്) ₹1,03,056/- (CFC)<br>₹2,39,778/- (സംസ്ഥാന ഫണ്ട്)<br>₹ 79,926/- (മറ്റുള്ളവ)<br>....................<br>₹7,99,260/- |
| ബിൽ നം./ | 3/2020-21/27.8.2020 |

| | |
|---|---|
| വൌച്ചർ നം. & തീയതി | 9/2020-21/16.11.2020<br>22000513/28.10.2020<br>22000359/25.8.2020 |

മേൽ പദ്ധതി പ്രകാരം 346 ഗുണഭോക്താക്കളുടെ വീട്ടുകളിൽ റിംഗ് കമ്പോസ്റ്റ് സ്ഥാപിച്ചതിന് സൂര്യ ഡിസ്ട്രിബ്യൂട്ടേർസ്, തലശ്ശേരി എന്ന സ്ഥാപനത്തിന് ₹7,99,260/- നൽകിയിട്ടുണ്ട്. CGST/SGST Act,2017 ലെ വകുപ്പ് 51(1) പ്രകാരം കരാറുകാരുടെ ബില്ലിൽ നിന്നും ജി എസ് ടി കുറച്ച തുകയുടെ 2% (1%+1%) തുക TDS ആയി കുറവ് ചെയ്യേണ്ടതാണ്. എന്നാൽ ഇപ്രകാരം ടി.ഡി.എസ്. കുറവ് ചെയ്യാതെ സൂര്യ ഡിസ്ട്രിബ്യൂട്ടേർസിന് തുക നൽകിയിട്ടുണ്ട്.

ജി എസ് ടി കുറവ് ചെയ്ത് ശേഷമുള്ള തുക 7,61,200/- (7,99,260 - 38060)

കുറവ് ചെയ്യേണ്ട ടി.ഡി.എസ്. - 7,61,200 X 2% (7612+7612) = 15324/-രൂപ

അപാകങ്ങൾക്ക് വിശദീകരണം/രേഖകൾ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.14/21.10.2021 ന് ചില സാങ്കേതിക കാരണങ്ങളാൽ സൂര്യ ഡിസ്ട്രിബ്യൂട്ടേർസിൽ നിന്നും 2% TDS കുറവ് ചെയ്യാൻ സാധിച്ചിട്ടില്ലെന്നും പ്രസ്തുത ഏജൻസി 38060 രൂപ ജി എസ് ടി ഇനത്തിൽ അടവാക്കിയിട്ടുണ്ടെന്നും തുടർന്ന് വരുന്ന പദ്ധതികളിൽ നിന്നും ആദായനികുതി പിടിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന മറുപടിയാണ് ലഭ്യമാക്കിയത്.

CGST/SGST നിയമത്തിലെ സെക്ഷൻ 122(1)(V) പ്രകാരം സ്രോതസ്സിൽ നിന്നും നികുതി കുറവ് ചെയ്യാതിരുന്നാൽ / കുറവ് ചെയ്ത തുക സർക്കാരിലേക്ക് അടവാക്കാതിരുന്നാൽ പിഴ ഒടുക്കേണ്ടി വരുമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. 15324/-രൂപ TDS പിഴ സഹിതം ഒടുക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-26 ഹോമിയോ ഡിസ്പൻസറിക്ക് മരുന്ന വാങ്ങൽ - മരുന്ന് പൂർണമായും ലഭ്യമായിട്ടില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്റ്റ് നമ്പർ/പേര് | 16/2021, ഹോമയോ ഡിസ്പൻസറിക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | ₹200000 മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) |
| ചെലവ് | ₹200000 മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) |
| വൗച്ചർ നമ്പർ& തീയ്യതി | 22000394/ 27-08-2020 - ₹200000 |

മേൽ പ്രോജക്റ്റ് പ്രകാരം ഹോമിയോ ഡിസ്പൻസറിക്ക് മരുന്ന വാങ്ങുന്നതിനായി 200000 രൂപ കേരള സ്റ്റേറ്റ് ഹോമിയോപതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിന്റെ അക്കൗണ്ടിലേക്ക് (അക്കൗണ്ട് നം-34306403911) കൈമാറിയിട്ടുണ്ട്. എന്നാൽ 119016 രൂപയുടെ മരുന്ന് മാത്രമേ ഇതുവരെ ലഭ്യമായിട്ടുള്ളൂ. ഈ വിഷയത്തിൽ നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (22/22-10-2021) ഹോമിയോപതിക് ഇമ്മ്യൂൺ ബൂസ്റ്റർ നിർമ്മാണവും വിതരണവും നടക്കുന്നത് മൂലമാണ് മരുന്നുകൾ അയക്കാൻ കാലതാമസം വന്നതെന്നും,എത്രയും പെട്ടെന്ന് മരുന്നുകൾ അയച്ചു തരാമെന്ന് ഹോംകോ അറിയിച്ചിട്ടുണ്ടെന്നുമുള്ള കടമ്പൂർ ആയുഷ് പ്രൈമറി ഹെൽത്ത് സെന്റർ മെഡിക്കൽ ഓഫീസറുടെ 23-10-2021ലെ കത്ത് മറുപടിയായി സെക്രട്ടറി ലഭ്യമാക്കിയിട്ടുണ്ട്. മരുന്നുകൾ താമസംവിനാ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-27 അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ-പൊതു അപാകങ്ങൾ

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ പരിശോധനയിൽ കണ്ടെത്തിയ പൊതുവായ അപാകങ്ങൾ താഴെ കൊടുക്കുന്നു.

1- സെക്യൂരിറ്റി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല.

2- എസ്റ്റിമേറ്റ് റിപ്പോർട്ടില്ല. ഇത് കാരണം പ്രവൃത്തിയുടെ നടത്തിപ്പിന്റെ വിശദമായ അവസ്ഥ മനസ്സിലാക്കാൻ സാധിക്കുന്നില്ല. നടത്താനുദ്ദേശിക്കുന്ന പ്രവൃത്തിയുടെ വ്യക്തത, റോഡുകളുടെ കാര്യത്തിലും ,കെട്ടിടങ്ങളുടെ കാര്യത്തിലും നിലവിലെ അവസ്ഥ, പ്രവൃത്തിയുടെ ആവശ്യകതയും ഫീസിബിലിറ്റിയും, പ്രവൃത്തി നടത്താനുദ്ദേശിക്കുന്ന റോഡിൽ സമീപകാലത്ത് നടത്തിയ പ്രവൃത്തികളുടെ വിവരം, മറ്റ് സ്ഥാപനങ്ങൾ (ഉദാ: ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ) നടത്തിയ പ്രവൃത്തികളുടെ വിവരം മുതലായ, പുതിയ നിർമ്മിതിയാണെങ്കിൽ ആവശ്യമായ സ്ഥലം വിട്ടുകിട്ടിയതു സംബന്ധിച്ച വിവരങ്ങൾ, പ്രവൃത്തി പൂർത്തികരിക്കാനുദ്ദേശിക്കുന്ന കാലയളവ് മുതലായ വിവരങ്ങൾ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. (KPWD Manual 1601.1.1, 1601.1.2)

3- സെലക്ഷൻ നോട്ടീസ് ഇല്ല.- ഇത് കാരണം സമയബന്ധിതമായി കരാർ സമർപ്പിച്ചിരുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല (PWD Manual 2009.6)

4- പ്രവൃത്തി പൂർത്തീകരണ തീയതി കരാറിൽ രേഖപ്പെടുത്തുന്നില്ല. എഗ്രിമെന്റ് രജിസ്റ്ററിൽ പ്രവൃത്തി പൂർത്തീകരണ തീയതി രേഖപ്പെടുത്തുന്നില്ല. ഇത് കാരണം സമയപരിധിക്കകം പ്രവർത്തി പൂർത്തീകരിച്ചിരുന്നോയെന്നും, പൂർത്തീകരിക്കാത്തവയ്ക്ക് നിയമാനുസൃത പിഴ ഈടാക്കിയോ എന്നും പരിശോധിക്കാൻ സാധിച്ചിട്ടില്ല.

5- കാഷ് ബുക്കിൽ ബിൽ മാറിയ തീയതി ബിൽ നമ്പർ, തുക, കൈമാറിയ തീയതി എന്നിവ രേഖപ്പെടുത്തുന്നില്ല.

7- എം ബുക്കിലും ഫയലിലും മെമ്മോറാണ്ടം ഓഫ് പെയ്മെന്റ് രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തുന്നില്ല.

8- എം ബുക്ക് സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

9-മരാമത്ത് വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് സമിതിയായി പ്രവർത്തിക്കുന്നില്ല.

10- ബന്ധപ്പെട്ട മോണിറ്ററിംഗ് കമ്മിറ്റി കൺവീനർ മോണിറ്ററിംഗ് നടത്തിയതിന്റെ റിപ്പോർട്ടുകൾ, പൂർത്തീകരണ സാക്ഷ്യപത്രം തുടങ്ങിയ രേഖകൾ ഹാജരാക്കേണ്ടതാണ്.

11 പൂർത്തിയാക്കിയ പ്രവൃത്തികളുടെ വിവരങ്ങൾ ചേർത്ത് ആസ്തി രജിസ്റ്റർ കാലികമാക്കി ഹാജരാക്കേണ്ടതാണ്.

12. റോഡ് സർവ്വേ നടപടികൾ പൂർത്തീകരിച്ച് കണക്ടിവിറ്റി പ്ലാനും കണക്ടിവിറ്റി മാപ്പും തയ്യാറാക്കിയിട്ടുണ്ടെങ്കിൽ ആയത് പരിശോധനക്കായി ഹാജരാക്കേണ്ടതാണ്.

## 1-28 പൊതു ശ്മശാന (ഗ്യാസ്) കെട്ടിട നിർമ്മാണം- പ്രവൃത്തി ദീർഘിപ്പിച്ച് നൽകിയത് -രേഖകൾ ഹാജരാക്കേണ്ടതാണ്.

| | |
|---|---|
| പ്രോജക്ട് നമ്പർ | 142/20-21 |
| പ്രോജക്ടിന്റെ പേര് | പൊതു ശ്മശാന (ഗ്യാസ്) കെട്ടിട നിർമ്മാണം (സ്പിൽ ഓവർ) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| അടങ്കൽ (തൻവർഷം) | 405087(ബ്ലോക്ക് പഞ്ചായത്ത് വിഹിതം)<br>1000000(ജില്ലാ പഞ്ചായത്ത് വിഹിതം<br>ആകെ – 1405087 |
| ആകെ പ്രവൃത്തിമൂല്യം | 3375266 |
| ചെലവ്:<br>വൗച്ചർ നം/തിയ്യതി | 1000000 -122001000/09.03.21,<br>297072 -22001074/29.03.21<br>2078194-(18-19 വർഷത്തെ ചെലവ്) |
| കോൺട്രാക്ടർ | ഇ പി മഞ്ജുഷ് കുമാർ |
| എം ബുക്ക് നമ്പർ | 51/ 19-20, 40/17-18 |
| എഗ്രിമെന്റ് നമ്പർ | AE/KP/12/17-18 Dt 18.11.17 |
| എം ബുക്ക് പ്രകാരം പ്രവൃത്തി പൂർത്തീകരിച്ച തിയ്യതി | 26.11.19 |
| കരാർ പ്രകാരം പൂർത്തീകരണ തീയതി | 18.11.2018 |
| പി എ സി | 34832280 |

പൊതു ശ്മശാന (ഗ്യാസ്) കെട്ടിട നിർമ്മാണം എന്ന പ്രവൃത്തി നടപ്പിലാക്കുന്നതിനായി AE/KP/12/17-18 Dt 18.11.17 നമ്പറിൽ ഇ പി മഞ്ജുഷ് കുമാർ എന്ന കോൺട്രാക്ടറുമായി കരാറിലേർപ്പെട്ടിട്ടുണ്ട്. കരാർ പ്രകാരം ഒരു വർഷം കൊണ്ട് പൂർത്തീകരിക്കേണ്ട പ്രവൃത്തി എം ബുക്ക് പ്രകാരം 26.11.19 ന് മാത്രമാണ് പൂർത്തീകരിച്ചിട്ടുള്ളത് . പ്രവൃത്തി യഥാസമയം

പൂർത്തീകരിക്കാത്തത് സംബന്ധിച്ച് അസിസ്റ്റന്റ് എഞ്ചിനീയർ 20.05.19 നൽകിയ കത്തിനു കരാറുകാരൻ നൽകിയ മറുപടിയിൽ പ്രവൃത്തിക്കായി ഏറ്റെടുത്ത സൈറ്റ്, പ്രവൃത്തി നടപ്പിലാക്കുന്നതിന് യോഗ്യമല്ലാത്തതിനാലും സൈറ്റ് പ്രവൃത്തിക്ക് യോഗ്യമാക്കിയതിന് ശേഷം സൈറ്റ് പരിശോധിച്ചപ്പോൾ എസ്റ്റിമേറ്റിൽ മാറ്റങ്ങൾ വരുത്തുകയും ടോയ് ലറ്റ് ബ്ലോക്കും ബാത്ത് റൂമും ഉൾപ്പെടുത്തുകയും റിവൈസ്ഡ് എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ മാത്രമേ പ്രവൃത്തി പൂർത്തീകരിക്കാവൂ എന്നും നിർദ്ദേശിച്ചതിനാലും പ്രവൃത്തി പൂർത്തീകരണത്തിനുള്ള സമയം 30.08.19 വരെ ദീർഘിപ്പിച്ച് നൽകുന്നതിനായി അപേക്ഷനൽകിയിട്ടുണ്ട്.

കരാറുകാരൻ എത്ര സമയം ദീർഘിപ്പിക്കുന്നതിനാണ് അപേക്ഷ നൽകിയതെന്ന് അറിയിക്കുന്നതിനും ഇക്കാര്യത്തിൽ ഭരണസമിതി അനുമതി നൽകിയതിന്റെ രേഖകളും ഹാജരാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി (23/22.10.21) നൽകിയെങ്കിലും മറുപടിഹാജരാക്കിയില്ല. ഖണ്ഡികയിൽ പരാമർശിച്ച വൈരുദ്ധ്യങ്ങൾക്കും പരാമർശങ്ങൾക്കും വ്യക്തമായ മറുപടി രേഖകൾ സഹിതം ഹാജരാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതും പ്രവൃത്തി പൂർത്തീകരിക്കുന്നതിന് അനുവദിച്ചതിലും കൂടുതൽ സമയം പൂർത്തീകരണത്തിനായി വിനിയോഗിച്ചിട്ടുണ്ടെങ്കിൽ ആയതിന് 18.08.2018-ലെ എസി.2/223/15/തസ്വഭവ സർക്കുലർ പ്രകാരം ആദ്യത്തെ മൂന്ന് മാസകാലയളവിന് 1% നിരക്കിലും തുടർന്നുള്ള ഓരോ മൂന്ന് മാസത്തിനും 2% നിരക്കിലും പിഴ ഈടാക്കേണ്ടതുമാണ്.

## 1-29 പ്രവൃത്തി പൂർത്തീകരണത്തിൽ കാലതാമസം- പിഴ ഈടാക്കേണ്ടതാണ്.

| പ്രോജക്ട് നമ്പർ | 144/20-21 | 115/20-21 | 162/20-21 | 152/20-21 |
|---|---|---|---|---|
| പ്രോജക്ടിന്റെ പേര് | അംഗൻവാടികളുടെ പുനരുദ്ധാരണം | സേവാഗ്രാം ഗ്രാമകേന്ദ്രം കെട്ടിട നിർമ്മാണം (വാർഡ് 13) | കിഴക്കെ പൊയിൽ മാളികപ്പറമ്പ റോഡ് പുനരുദ്ധാരണം പാർശ്വ ഭിത്തി നിർമ്മാണം. | കനാൽപാലം റോഡ് വല്ലം കുമാരന്റെ വീട് റോഡ് ടാറിംഗ് |
| അടങ്കൽ | 70000 (മെയിന്റനൻസ് ഫണ്ട്, റോഡിതരം ) | 500001 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) 100000 (തനത് ഫണ്ട്) | 242000 (മെയിന്റനൻസ് ഗ്രാന്റ് റോഡ്) | 51031 (ധനകാര്യകമ്മീഷൻ ഗ്രാന്റ്) 10000(തനത് ഫണ്ട്) 503969 (മെയിന്റനൻസ് ഗ്രാന്റ് റോഡ്) |
| ആകെ പ്രവൃത്തിമൂല്യം | 63892 | 625355 | 281357 | 498920 |
| ബിൽ നമ്പർ | 42/19-20/26.03.21 -63892 | 2/19-20/8.7.19 -139348 5/20-21/19.05.20 -485940 | 12/19-20/23.7.19-250000 15/19-20/30.11.20-31357 | 18/17.02.21-503969 28/09.03.21-51031 |
| കോൺട്രാക്ടർ | നിവേദ് എം | ശ്രീജിത്ത് കുമാർ എം | പി ഉമേശൻ | എം വി ജയരാജൻ |
| എം ബുക്ക് നമ്പർ | 136/20-21 | 39/18-19 04/19-20 05/19-20 06/19-20 | 40/18-19 | 52/19-20 |
| | | | | |

| | | | | |
|---|---|---|---|---|
| എഗ്രിമെന്റ് നമ്പർ | AE/KP/32/ 18-19 Dt 05.02.19 | AE/KP/28/18-19 Dt 25.10.18 | AE/KP/26/18-19 Dt 29.09.18 | AE/KP/20/19-20 Dt 18.03.20 |
| പ്രവ്യത്തി പൂർത്തീകരിക്കേണ്ട തീയതി | 5.08.19 | 25.4.19 | 28.3.19 | 18.09.20 |
| പ്രവ്യത്തി പൂർത്തീകരിച്ച തിയ്യതി | 16.03.21 | 17.06.19 | 28.6.19 | 04.12.20 |
| പ്രവ്യത്തി പൂർത്തീകരിക്കേണ്ട കാലയളവ് | 6 മാസം | 6 മാസം | 6മാസം | 6മാസം |
| പി എ സി | 68210 | 739349 | 461600 | 501677 |

കരാറുകാരന്റെ പിഴവ് കാരണം പൊതുമരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കേണ്ട ഘട്ടത്തിൽ കരാറുകാരൻ നിർവ്വഹണ ഉദ്യോഗസ്ഥൻ മുഖേന അപേക്ഷ നൽകേണ്ടതും പ്രസ്തുത അപേക്ഷയിന്മേൽ ഭരണസമിതിയുടെ അനുമതി വാങ്ങി PAC യുടെ 1% ഫൈൻ ഈടാക്കി പൂർത്തീകരണ കാലാവധിയുടെ 25% വരെയും തുടർന്നും ദീർഘിപ്പിക്കുന്ന പക്ഷം 2% പിഴ ഈടാക്കി കൊണ്ട് 50% വരെയും ദീർഘിപ്പിച്ച നൽകാവുന്നതാണെന്നും പൊതുമരാമത്ത് മാന്വൽ ഖണ്ഡിക 2112-ൽ പറയുന്നു. കരാറുകാരന്റേതല്ലാത്ത കാരണങ്ങളാൽ പ്രവ്യത്തി നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാൻ കഴിയാതെ വരികയാണെങ്കിൽ ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ കരാറുകാരൻ അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന കാലാവധി തീരുന്നതിന് മുമ്പായി നൽകേണ്ടതും ഭരണസമിതിയിൽ അനുമതി വാങ്ങേണ്ടതുമാണ്. എന്നാൽ 2020-21 വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ മേൽ പട്ടികയിൽ പരാമർശിച്ച പ്രവ്യത്തികളുടെ കാര്യത്തിൽ കരാറുകാരൻ ഇത്തരത്തിൽ കാലാവധി ദീർഘിപ്പിച്ച് കിട്ടുന്നതിന് അപേക്ഷ നൽകുകയോ ചട്ടപ്രകാരമുള്ള പിഴ ഈടാക്കുകയോ ചെയ്തിട്ടില്ല. ഈ സാഹചര്യത്തിൽ പ്രവ്യത്തി പൂർത്തീകരണത്തിനുള്ള കാലതാമസത്തിന് പിന്നീട് പുറത്തിറങ്ങിയ 18.8.18-ലെ എസി.2/223/15/തസ്വഭവ സർക്കുലർ പ്രകാരം ആദ്യത്തെ 3 മാസകാലയളവിന് 1% നിരക്കിലും തുടർന്നുള്ള ഓരോ മൂന്ന് മാസത്തിനും 2% നിരക്കിലും പിഴ ഈടാക്കേണ്ടതാണ്.

**1-30 ബോട്ടിൽ ബൂത്ത് സ്ഥാപിക്കൽ - രേഖകൾ ഹാജരാക്കിയില്ല.₹184746 തടസ്സപ്പെടുത്തുന്നു.**

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 61/21 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രോജക്ടിന്റെ പേര് | ബോട്ടിൽ ബൂത്ത് സ്ഥാപിക്കൽ |
| അടങ്കൽ | 200000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ് ) |
| ചെലവ് തുക/ബിൽ നമ്പർ | ₹184746 -44/30.03.21 |
| കോൺട്രാക്ടർ | പ്രസന്ന കുമാർ |
| എം ബുക്ക് നമ്പർ | 2/19-20 |
| എഗ്രിമെന്റ് നമ്പർ | AE/KP/09/19-20 Dt 13.10.21 |
| പി എ സി | 196757 |

പ്ലാസ്റ്റിക്ക് ബോട്ടിലുകൾ വഴിയരികിലും ഓടകളിലും വലിച്ചെറിയുന്നത് ഒഴിവാക്കി അവ ശേഖരിക്കാൻ 1.എടക്കാട്, 2.കാടാച്ചിറ, 3.കാടാച്ചിറ ഹൈസ്കൂൾ പരിസരം,4.ആഡൂർ പാലം, 5. പനോന്നേരി എന്നിവിടങ്ങളിൽ ബോട്ടിൽ

ബൂത്തുകൾ സ്ഥാപിക്കുന്നതിനാണ് പ്രൊജക്ട് പ്രകാരം ലക്ഷ്യമിട്ടിരുന്നത്. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട താഴെ കൊടുത്തിരിക്കുന്ന രേഖകൾ ഹാജരാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും (നം 24/22.10.21) മറുപടി ഹാജരാക്കുകയുണ്ടായില്ല,

1. പ്രൊജക്ടിൽ അഞ്ചിടങ്ങളിൽ ബോട്ടിൽ ബൂത്ത് നിർവ്വഹിക്കുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്. എന്നാൽ എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത് 8 ഇടങ്ങളിൽ ബോട്ടിൽ ബൂത്ത് സ്ഥാപിക്കുന്നതിനാണ്. ആയതുപ്രകാരമാണ് നിർമ്മാണം പൂർത്തീകരിച്ചിരിക്കുന്നതും. എന്നാൽ ഏത് തീരുമാനപ്രകാരം, ഏതെല്ലാം ഇടങ്ങളിലാണ് എസ്റ്റിമേറ്റ് പ്രകാരം ബോട്ടിൽ ബൂത്തുകൾ സ്ഥാപിക്കാൻ എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത് എന്ന് വ്യക്തമാക്കുന്ന രേഖകളും എസ്റ്റിമേറ്റ് റിപ്പോർട്ടും ഹാജരാക്കിയിട്ടില്ല.

2. എസ്റ്റിമേറ്റ് പ്രകാരം പ്രവൃത്തി പൂർത്തീകരിക്കുന്നതിനനുസരിച്ച് പ്രവൃത്തിയുടെ അളവ് രേഖപ്പെടുത്തിയ എം ബുക്ക് ഹാജരാക്കിയിട്ടില്ല. (അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയ അളവുകളെ അടിസ്ഥാനമാക്കിയല്ലാതെ ഫൈനൽ ബിൽ നൽകാൻ പാടില്ല. പൊതു മരാമത്ത് ചട്ടം 15(6))

3. RBM Associates, അഞ്ജലി അപ്പാർട്ട്മെന്റ്സ്, ചാലോട് എന്ന സ്ഥാപനത്തിൽ നിന്നുള്ള 8 ബോട്ടിൽ ബൂത്തുകൾ വിതരണം ചെയ്തതിനുള്ള ഡെലിവറി ഇൻവോയിസ് നം. 251/22/3/21 പ്രകാരമാണ് തുക അനുവദിച്ചിട്ടുള്ളത് (₹184746). എന്നാൽ ഇൻവോയിസിൽ എത്ര അളവിലുള്ള ബോട്ടിൽ ബൂത്തുകളാണ് സ്ഥാപിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കിയിട്ടില്ല. സ്ഥാപിച്ചിട്ടുള്ള ബൂത്തുകൾ എസ്റ്റിമേറ്റ് പ്രകാരമുള്ള അളവുകളിലുള്ളതാണ് എന്ന് ഉറപ്പുവരുത്തിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

4.എം പ്രസന്നകുമാറുമായി ഉണ്ടാക്കിയ കരാർ RBM Associates ന് വേണ്ടിയാണ് എങ്കിൽ അക്കാര്യം കരാറിൽ പരാമർശിക്കാത്തതിന് കാരണം അറിയിക്കേണ്ടതാണ്. (പ്രവൃത്തി ഏറ്റെടുത്ത കരാറുകാരൻ, എം പ്രസന്നകുമാറിനെ RBM Associates ന്റെ മാനേജറായി നിയമിച്ചുകൊണ്ടുള്ള നിയമന ഉത്തരവ് ഹാജരാക്കിയിട്ടുണ്ട്.) ഖണ്ഡികയിൽ പരാമർശിച്ച രേഖകളുടെ അഭാവത്തിൽ ചെലവ് തുകയായ ₹184746 തടസ്സപ്പെടുത്തുന്നു.

## 1-31 ഒഴിഞ്ഞ ടാർ ബാരലിന്റെ വില അതാത് അക്കൗണ്ടിൽ ഒടുക്കുവരുത്തേണ്ടതാണ്.

അസിസ്റ്റന്റ് എഞ്ചിനീയർ 2020-21 ൽ വികസന ഫണ്ട്, ധനകാര്യ കമ്മീഷൻ അവാർഡ് , മെയിന്റനൻസ് ഫണ്ട് റോഡ് എന്നീ ഇനത്തിലുള്ള തുക ഉപയോഗിച്ച് നിർവ്വഹണം നടത്തിയ റോഡ് ടാറിംഗ് / റീടാറിംഗ് പ്രവൃത്തികളിൽ നിന്ന് ഈടാക്കിയ ഒഴിഞ്ഞ ടാർ ബാരലിന്റെ വില സെക്രട്ടറിയുടെ പേരിലുള്ള ട്രഷറി അക്കൗണ്ടിലാണ് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിരിക്കുന്നത്. സർക്കുലർ നം. 59827/എഫ്.എം. /07/ തസ്വഭവ തീയതി 30-10-2007 പ്രകാരം ഒഴിഞ്ഞ ടാർ വീപ്പയുടെ വില ഏത് ഫണ്ടിൽ നിന്നാണോ ടാർ വാങ്ങിയത് അതേ ഫണ്ടിൽ ഒടുക്കണമെന്ന് ജി ഒ (പി ) 177/2006/Fin 12.04.2006 പ്രകാരം തിരിച്ചടക്കേണ്ടതാണ്.

## 1-32 GST കോമ്പൻസേഷൻ -സെൽഫ് ഡിക്ലറേഷൻ ഫോറം ഉൾപ്പെടുത്തേണ്ടതാണ്

2019-20 സാമ്പത്തിക വർഷം നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികൾക്ക് പലതിനും GST കോമ്പൻസേഷൻ ഇനത്തിൽ 12% തുക എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി ഫൈനൽ ബില്ലിനൊപ്പം കരാറുകാർക്ക് നൽകിയിട്ടുണ്ട്. സ.ഉ(അച്ചടി) നം.87/2017/തസ്വഭവ, തീ. 01.11.2017 നമ്പർ ഉത്തരവ് പ്രകാരം മരാമത്ത് പ്രവൃത്തികൾ ഏറ്റെടുക്കുന്ന എല്ലാ കരാറുകാരും നിർബന്ധമായും GST രജിസ്ട്രേഷൻ എടുക്കേണ്ടതും ആയതിന്റെ പകർപ്പ് ടെണ്ടറിനൊപ്പം ഹാജരാക്കേണ്ടതുമാണ്. സ.ഉ. (സാധാ.)നം.2532/2018/തസ്വഭവ, തീ. 29.09.2018 നമ്പർ ഉത്തരവ് പ്രകാരം GST കോമ്പൻസേഷൻ ക്ലെയിം ചെയ്യുന്നതിന് കരാറുകാർ അവരുടെ പൂർണ്ണമായ മേൽവിലാസം, GST നമ്പർ എന്നിവ ഉൾപ്പെടുത്തി ഒരു സെൽഫ് ഡിക്ലറേഷൻ നൽകണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇതിനായി സമർപ്പിക്കേണ്ട മാതൃകയും സർക്കാർ ഈ ഉത്തരവിലൂടെ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ GST കോമ്പൻസേഷൻ അനുവദിച്ച നൽകിയിട്ടുള്ള പ്രവൃത്തികളുടെ ഫയലുകളിലൊന്നുംതന്നെ സെൽഫ് ഡിക്ലറേഷൻ ഫോറം ഉൾപ്പെടുത്തിയിട്ടില്ല. വിവിധ മരാമത്ത് പ്രവൃത്തികളുടെ ഭാഗമായി GST കോമ്പൻസേഷൻ അനുവദിക്കുമ്പോൾ കരാറുകാരുടെ GST നമ്പർ രേഖപ്പെടുത്തിയ സെൽഫ് ഡിക്ലറേഷൻ ഫോറം ലഭ്യമാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 | 16-10-2021, 17-10-2021 | കെ.എസ്.എ./കെ.എൻ.ആർ./ സി.6/1225/2021 തീയതി: 07.12.2021 |

### 4-2 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| കണ്ണൂർ ജില്ല പഞ്ചായത്ത് | 2020-21 | 63750 | നെൽകൃഷി വികസനം (96/21) | 22158 | 41592 |
| | 2020-21 | 20000 | തരിശ് നെൽകൃഷി (120/21) | 17270 | 2730 |
| | 2020-21 | 25000 | കാർഷിക സ്വയം പര്യാപ്ത ഗ്രാമം (121/21) | 2646 | 22354 |
| | 2020-21 | 6800 | കരനെൽകൃഷി (125/21) | 6799 | 1 |
| | 2020-21 | 70000 | കറവപശുക്കൾക്ക് പാലിന് സബ്സീഡി (102/21) | 68884 | 1116 |
| | 2020-21 | 93750 | കന്നുകുട്ടികളെ ദത്തെടുക്കൽ (126/21) | 50000 | 43750 |
| | 2020-21 | 50000 | ആട് വളർത്തൽ മിനിഫാം (130/21) | 25000 | 25000 |
| | 2020-21 | 550000 | സ്പർശം-പാലിയേറ്റീവ് സൗഹൃദ പഞ്ചായത്ത് (82/21) | 133936 | 416064 |
| | 2020-21 | 200000 | വീട് വാസയോഗ്യമാക്കൽ (ആശ്രയ) (103/21) | 100000 | 100000 |
| | 2020-21 | 365000 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (4/21) | 365000 | 0 |
| | 2020-21 | 70000 | ക്ഷീരകർഷകർക്ക് പാലിന് ഇൻസന്റീവ് (54/21) | 0 | 70000 |
| | 2020-21 | 20000 | കാൻസർ നിർണ്ണയ ക്യാമ്പും ഹൃദ്രോഗ ബോധവൽക്കരണവും (91/21) | 0 | 20000 |
| | 2020-21 | 20000 | കാൻസർ നിർണ്ണയ ക്യാമ്പും ഹൃദ്രോഗ ബോധവൽക്കരണവും (സ്പിൽ ഓവർ) (138/21) | 0 | 20000 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 38012 | കറവപശുക്കൾക്ക് പാലിന് സബ്സിഡി (102/21) | 0 | 38012 |

| | | | | | |
|---|---|---|---|---|---|
| | 2020-21 | 350000 | സ്പർശം-പാലിയേറ്റീവ് സൗഹൃദ പഞ്ചായത്ത് (82/21) | 349973 | 27 |
| | 2020-21 | 150000 | ഭവന നിർമ്മാണ പദ്ധതി ആശ്രയ (184/21) | 0 | 150000 |
| | 2020-21 | 365000 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (4/21) | 365000 | 0 |
| | 2020-21 | 200000 | ലൈഫ് ഭവന നിർമ്മാണം(പട്ടിക ജാതി) (180/21) | 0 | 200000 |
| | 2020-21 | 70000 | ക്ഷീരകർഷകർക്ക് പാലിന് ഇൻസന്റീവ് | 70000 | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ (പ്രോജകട് നം- 88/2021) | 22000385/ 27-08-2020 | ₹799933 | 0 | ₹799933 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 42352518 |
| ഓഡിറ്റ് വർഷത്തെ ആകെ | : | 44290398 |

| | | |
|---|---|---|
| ചെലവ് | | |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 984679 |

**(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>**

**ഇല്ല**

**<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 799933 | ശ്രീ.പ്രദീപൻ എൻ, സെക്രട്ടറി |
| 1-30 | 184746 | ശ്രീമതി. ദിവ്യ രാജൻ എം ഡി, അസി.എഞ്ചിനീയർ |
| ആകെ | 984679 | |

**(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>**

**ഇല്ല**

**(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>**

**ഇല്ല**

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.പ്രദീപൻ എൻ. പി,സെക്രട്ടറി | സെക്രട്ടറി,കണിച്ചാർ ഗ്രാമപഞ്ചായത്ത് | പ്രമദം,നെല്ലൂന്നി,മട്ടന്നൂർ പി ഒ 9446357897 |
| ശ്രീമതി. ദിവ്യ രാജൻ എം ഡി ,അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ,കടമ്പൂർ ഗ്രാമപഞ്ചായത്ത്. | മേഘമൽഹാർ,ഏച്ചൂർ പി ഒ,കണ്ണൂർ |

## <u>4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ</u>

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | കെ എസ് എ /കെ എൻ ആർ/സി6/ 797/2019 തീയതി 21.6.2019 | 1 |
| 1999-00 | കെ എസ് എ /കെ എൻ ആർ/സി6/ 797/2019 തീയതി 21.6.2019 | 2 |

| | | |
|---|---|---|
| 2001-02 | കെ എസ് എ /കെ എൻ ആർ/സി6/ 797/2019 തീയതി 21.6.2019 | 4 |
| 2006-07 | കെ എസ് എ /കെ എൻ ആർ/സി6/ 797/2019 തീയതി 21.6.2019 | 7 |
| 2008-09, 2009-10, 2010-11 | കെ എസ് എ /കെ എൻ ആർ/സി6/ 797/2019 തീയതി 21.6.2019 | 1 |
| 2011-12, 2012-13 | കെ എസ് എ /കെ എൻ ആർ/സി6/ 797/2019 തീയതി 21.6.2019 | 3 |
| 2016-17 | കെ എസ് എ /കെ എൻ ആർ/സി6/ 797/2019 തീയതി 21.6.2019 | 3 |
| 2017-18 | കെ എസ് എ /കെ എൻ ആർ/സി6/ 1025/2019 തീയതി 4.11.2019 | 13 |
| 2018-19 | കെ.എസ്.എ./കെ.എൻ.ആർ./ സി.6/1803/2019 തീയതി 22.01.2020 | 22 |
| 2019-20 | കെ.എസ്.എ./കെ.എൻ.ആർ./ സി.6/1224/2021 തീയതി 06.12.2021 | |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കണ്ണൂർ ജില്ലയിലെ കടമ്പൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ കടമ്പൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം 3

## ധനകാര്യപത്രികകൾ

| Kadambur Grama Panchayat RECEIPT & PAYMENT STATEMENT | | | |
|---|---|---|---|
| For the period from 01-April-2020 to 31-March-2021 | | | |
| Code.No | Description of Items | Schedule No | Amount |
| | **RECEIPTS** | | |
| | **Opening Balance** | | |
| Bank | Bank | RP-40(a) | 8544774.00 |
| Cash | Cash | RP-40(a) | 27154.00 |
| | **Operating** | | |
| 110000000 | Tax Revenue | RP-1 | 1139890.00 |
| 130000000 | Rental income from Panchayat Properties | RP-3 | 50.00 |
| 140000000 | Fees & User Charges | RP-4 | 721053.00 |
| 150000000 | Sale & Hire Charges | RP-5 | 121991.00 |
| 151000000 | Receipts from Transferred Institutions | RP-6 | 270.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 32760257.00 |
| 171000000 | Interest Earned | RP-9 | 89407.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 3271240.00 |
| 340000000 | Deposits Received | RP-34 | 12000.00 |
| 350000000 | Other Liabilities | RP-36 | 199230.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 60465.00 |
| | **Non Operating** | | |
| 180000000 | Other Income | RP-10 | 0.0 |
| 311000000 | Earmarked Funds | RP-29 | 1018.00 |
| 340000000 | Deposits Received | RP-34 | 438969.00 |
| 350000000 | Other Liabilities | RP-36 | 274355.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 3250323.00 |
| 440000000 | Pre-paid Expenses | RP-45 | 0.0 |
| 460000000 | Loans, Advances and Deposits | RP-47 | 12000.00 |
| | **Grand total** | | **50924446.00** |
| | **PAYMENTS** | | |
| | **Operating** | | |
| 210000000 | Establishment Expenses | RP-11 | 2563810.00 |
| 220000000 | Administrative Expenses | RP-12 | 799899.00 |
| 230000000 | Operations & Maintenance | RP-13 | 1611104.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 2154166.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 10657834.00 |
| | | | |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 444753.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 336878.00 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 434758.00 |
| | | | |

| | | | |
|---|---|---|---|
| 255000000 | Maintenance Projects | RP-20 | 1622245.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 520000.00 |
| 280000000 | Prior Period item | RP-26 | -104714.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 26620.00 |
| 350000000 | Other Liabilities | RP-36 | 4722480.00 |
| | **Non Operating** | | |
| 240000000 | Interest & Finance Charges | RP-14 | 535.00 |
| 340000000 | Deposits Received | RP-34 | 199656.00 |
| 350000000 | Other Liabilities | RP-36 | 1746481.00 |
| 410000000 | Fixed Assets | RP-38 | 12594503.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 2488637.00 |
| 460000000 | Loans, Advances and Deposits | RP-47 | 1470753.00 |
| | **Closing Balance** | | |
| Bank | Bank | RP-40(b) | 6559752.00 |
| Cash | Cash | RP-40(b) | 74296.00 |
| | **Grand Total** | | **50924446.00** |

| **Kadambur Grama Panchayat INCOME & EXPENDITURE STATEMENT** | | | |
|---|---|---|---|
| For the period from 01-April-2020 to 31-March-2021 | | | |
| Code.No | Description of Items | Schedule No | Amount |
| | **INCOME** | | |
| 110000000 | Tax Revenue | I-1 | 4455082.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 50.00 |
| 140000000 | Fee & User Charges | I-4(b) | 898833.00 |
| 150000000 | Sale & Hire Charges | I-5(b) | 121991.00 |
| 151000000 | Receipts from Transferred Institutions | I-5(a) | 270.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 93209958.00 |
| 171000000 | Interest Earned | I-8 | 89407.00 |
| 180000000 | Other Income | I-9 | 108253.00 |
| | **Total Income** | | **98883844.00** |
| | **EXPENDITURE** | | |
| 210000000 | Establishment Expenses | I-10(b) | 10343534.00 |
| 220000000 | Administrative Expenses | I-11(b) | 801451.00 |
| 230000000 | Operations & Maintenance | I-12(b) | 1760294.00 |
| 240000000 | Interest & Finance Charges | I-13 | 535.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 2982120.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 24489370.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 300000.00 |
| 253000000 | Decentralised Plan Programme-Projects not | I-14(c) | 336878.00 |

| | | | |
|---|---|---|---|
| | included in Sector Division | | |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 43240058.00 |
| 255000000 | Maintenance Projects | I-14(e) | 1657564.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 520000.00 |
| 272000000 | Depreciation | I-17(a) | 6679719.00 |
| | **Total Expenditure** | | **93111523.00** |
| | **Gross Surplus/ Deficit of income over Expenditure** | | **5772321.00** |
| 280000000 | Prior Period Item | I-18 | -75432.00 |
| | **Gross Surplus/Deficit of Income over Expenditure after prior period items.** | | **5847753.00** |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

| Kadambur Grama Panchayat BALANCE SHEET | | | |
|---|---|---|---|
| For the period from 01-April-2020 to 31-March-2021 | | | |
| Code.No | Description of Items | Schedule No | Amount |
| | **LIABILITIES** | | |
| | **Reserve & Surplus** | | |
| 310000000 | Panchayat / Municipal Fund | B-1 | -2131837.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 21379.00 |
| 312000000 | Reserves | B-3 | 29205556.00 |
| | **Total Reserve & Surplus** | | **27095098.00** |
| | **Grants, Contributions for Specific Purposes** | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 5058496.00 |
| | **Total Grants, Contributions for Specific Purposes** | | **5058496.00** |
| | **Loans** | | |
| | **Current Liabilities & Provisions** | | |
| 340000000 | Deposits Received | B-7 | 733002.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 2001538.00 |
| | **Total Current Liabilities and Provisions** | | **2734540.00** |
| | **TOTAL LIABILITIES** | | **34888134.00** |
| | **ASSETS** | | |
| | **Fixed Assets** | | |
| 410000000 | Fixed Assets | B-11 | 58540945.00 |
| 411000000 | Accumulated Depreciation | B-11 | -37363897.00 |
| 412000000 | Capital Work in Progress | B-11(a) | 0.0 |
| | **Total Fixed Assets** | | **21177048.00** |
| | **Investments** | | |
| | **Current Assets, Loans and Advances** | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 2774803.00 |
| 440000000 | Pre-paid Expenses | B-16 | 0.0 |

| | | | |
|---|---|---|---|
| 450000000 | Cash and Bank Balance | B-17 | 6634048.00 |
| 460000000 | Loans, Advances and Deposits | B-18 | 4302235.00 |
| | **Total Current Assets, Loans and Advances** | | **13711086.00** |
| | **Other Assets** | | |
| | | | |

| | |
|---|---|
| **Miscellaneous Expenditure (To the Extent not written off)** | |
| **TOTAL ASSETS** | **34888134.00** |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം,കണ്ണൂർ.